ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

നവംബർ 2020 പുസ്തകം 1 ലക്കം 3

ഭരണകൂട നിഷ്പക്ഷതയും തൊഴിൽ മേഖലയിലെ പരിഷ്കരണവും

തൊഴിൽ നിയമങ്ങളുടെ ഉദാരവൽക്കരണം: രോഗം അറിയാതെയുള്ള ചികിത്സ

കോവിഡ് പ്രതിരോധത്തിലെ കേരള മോഡൽ ശ്രദ്ധേയം: റിസർവ് ബാങ്ക് റിപ്പോർട്ട്

കോവിഡ് കാലഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ധനസ്ഥിതി: ഒരു താരതമ്യ പഠനം

സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനവും കേരളവും

ഏലത്തിന് തിരിച്ചടിയായി കോവിഡ്, തേയില വിപണിയിൽ മുന്നേറ്റം

കേരളത്തിന്റെ വരുമാനം, ജീവിത നിലവാരം എന്നിവയിൽ സാമൂഹ്യ മേഖലയിലെ ചെലവഴിക്കലിന്റെ സ്വാധീനം

ജല മലിനീകരണവും കേരളം നേരിടുന്ന വെല്ലുവിളികളും

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
നവംബർ 2020 പുസ്തകം 1 ലക്കം 3

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ടി എം തോമസ് ഐസക്ക്

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
എൻ രാമലിംഗം
എൽ അനിതാകുമാരി

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

ഡിസൈൻ, ലേ ഔട്ട്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.

Email : keralaeconomy@gift.res.in

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation,
Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**

*എഡിറ്റോറിയൽ*
മൂല്യത്തിന്റെ നേട്ടം മൂല്യം സൃഷ്ടിക്കുന്നവരിലേക്ക് *3*

1. **ഭരണകൂട നിഷ്പക്ഷതയും തൊഴിൽ മേഖലയിലെ പരിഷ്കരണവും** 5
അമിത് ബാദുരി

2. **തൊഴിൽ നിയമങ്ങളുടെ ഉദാരവൽക്കരണം :**
**രോഗം അറിയാതെയുള്ള ചികിത്സ** 9
അംഗരിക രക്ഷിത്, കിരൺകുമാർ കക്കർലപുടി

3. **കോവിഡ് പ്രതിരോധത്തിലെ കേരള മോഡൽ ശ്രദ്ധേയം :**
**റിസർവ് ബാങ്ക് റിപ്പോർട്ട്** 14
ജോർജ് ജോസഫ്

4. **സംസ്ഥാന സാമ്പത്തികം**
കോവിഡ് കാലഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ
ധനസ്ഥിതി: ഒരു താരതമ്യ പഠനം 18
എൽ. അനിതകുമാരി, പാർമ ചക്രവർത്തി

5. **ടാക്സ് മോണിറ്റർ**
സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനവും കേരളവും 25
എൻ. രാമലിംഗം, സന്തോഷ്കുമാർ ഡാഷ്

6. **പ്രൈസ് മോണിറ്റർ**
ഏലത്തിന് തിരിച്ചടിയായി കോവിഡ്, തേയില വിപണിയിൽ മുന്നേറ്റം 31
ഡി. നാരായണ, ഷഗിഷ്ണ കെ

7 **ലേബർ & എംപ്ലോയ്മെന്റ്**
കേരളത്തിന്റെ വരുമാനം, ജീവിത നിലവാരം എന്നിവയിൽ
സാമൂഹ്യ മേഖലയിലെ ചെലവഴിക്കലിന്റെ സ്വാധീനം 37
എ. വി ജോസ്

8. **സെക്ടറൽ ഫോക്കസ്**
ജല മലിനീകരണവും കേരളം നേരിടുന്ന വെല്ലുവിളികളും 42
ശ്രീകുമാർ ചതോപാധ്യായ

9. **New studies on Kerala** 46
Young scholars' forum, GIFT, led by George K John

10. **What is new(s) from GIFT** 50

# എഡിറ്റോറിയൽ

## മൂല്യത്തിന്റെ നേട്ടം മൂല്യം സൃഷ്ടിക്കുന്നവരിലേക്ക്

**ഉ**ത്പന്നങ്ങളുടെ മൂല്യത്തിന്റെ സൃഷ്ടിയും അതിന്റെ ഗുണാനുഭവവും തമ്മിലുള്ള പൊരുത്തക്കുറവ് പല സാമ്പത്തിക സമസ്യകളുടെയും മൂല കാരണമാണെന്ന കാര്യത്തിൽ വിഭിന്ന ധാരയിലുള്ള സാമ്പത്തിക വിദഗ്ധർക്കിടയിൽ പൊതുവിൽ ഒരു യോജിപ്പ് കാണാം. പുതുതലമുറയിലെ പ്രഗത്ഭയായ സാമ്പത്തിക ചിന്തക മരിയാന മാസ്സുകാട്ടോയുടെ പ്രശസ്തമായ ഒരു പുസ്തകമാണ് 'ദി വാല്യൂ ഓഫ് എവെരിതിങ് : മേക്കിങ് ആൻഡ് ടേക്കിങ് ഇൻ ദി ഗ്ലോബൽ ഇക്കോണമി' എന്നത്. അതിൽ അവർ ചൂണ്ടിക്കാട്ടുന്ന ഒരു കാര്യം, ആധുനിക സാമ്പത്തിക ശാസ്ത്രത്തിൽ മൂല്യം എന്ന വാക്കിന്റെ പ്രയോഗം കൊണ്ട് മൂല്യം ചൂഷണം ചെയ്യുന്ന പ്രക്രിയയെ മൂല്യം സൃഷ്ടിക്കലായി കപടമായി വ്യഞ്ജിപ്പിക്കാൻ കഴിയുന്നു എന്നതാണ്. ഇത് അസമത്വം വർധിപ്പിക്കുന്നു എന്ന് മാത്രമല്ല, യഥാർത്ഥ തലത്തിൽ സമ്പദ്വ്യവസ്ഥയിൽ നിക്ഷേപം കുറയ്ക്കുകയും ചെയ്യുന്നു. മരിയാന പറയുന്നു, 'അസമത്വത്തിൽ അധിഷ്ഠിതമായ ആഗോളവത്കരണത്തെ കുറിച്ചുള്ള ആഴമേറിയ പഠനങ്ങൾ പൊതുവെ എത്തിച്ചേരുന്ന ഒരു നിഗമനമുണ്ട് – മൂല്യത്തിന്റെ സൃഷ്ടാക്കൾക്ക് അതിന്റെ നേട്ടം നിഷേധിക്കപ്പെടുന്നു എന്നതാണ് അത്. ഭരണകൂടത്തിന്റെ ശക്തമായ ഇടപെടലാണ് ഇതിനുള്ള പരിഹാരം എന്ന കാര്യത്തിലും ഒരു അഭിപ്രായ സമന്വയം കാണാം. കാരണം, സാമ്പത്തിക സമസ്യകളുടെ കുരുക്കഴിക്കൽ വിപണിക്ക് വിട്ടുകൊടുക്കുന്നത് പലപ്പോഴും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നതിനേ വഴിയൊരുക്കുകയുള്ളു.'

കാർഷിക മേഖലയിലെ കാര്യമെടുക്കാം. തങ്ങളുടെ കഠിനമായ അധ്വാനം വഴിയായി മൂല്യം സൃഷ്ടിക്കുന്ന കർഷകർക്ക് അതിന്റെ ഗുണഫലങ്ങൾ അനുഭവവേദ്യമാകുന്ന അവസരങ്ങൾ അവിടെ തുലോം വിരളമാണെന്ന് കാണാം. വാണിജ്യ രംഗത്തുള്ളവർക്ക് ലഭിക്കുന്ന ഉയർന്ന മാർജിൻ കർഷകർക്ക് കരഗതമാകുന്നില്ലെന്ന് മാത്രമല്ല, അന്തിമ ഉപഭോക്താവ് ചെലവഴിക്കുന്ന രൂപയിൽ നിന്ന് തുച്ഛമായ പങ്ക് മാത്രം കർഷകർക്ക് ലഭിക്കുന്നു എന്നതാണ് കാതലായ പ്രശ്നം. ഇതിനെല്ലാം പുറമെ, കാർഷികോത്പന്നങ്ങളുടെ വിലയിൽ നിമ്നോന്നതങ്ങൾ വളരെ പ്രകടമാണ്. (നാരായണ, ഷഗിഷ്ണ എന്നിവരുടെ ഈ ലക്കത്തിലുള്ള ലേഖനം കാണുക). അതുകൊണ്ട് വിപണിയുടെ ദയാദാക്ഷിണ്യത്തിലാണ് കർഷകരുടെ നിലനിൽപ്പ് തന്നെ. മിനിമം താങ്ങുവില അടക്കമുള്ള ഭരണകൂട ഇടപെടലുകളെ ഇവിടെ കാണാതിരിക്കുന്നില്ല. എന്നാൽ ഇത്തരം ഇടപെടൽ കേരളത്തിന് കാര്യമായ നേട്ടം നൽകുന്നില്ല. കാരണം, സംസ്ഥാനത്തെ കാർഷിക വിളകളിൽ നെല്ല്, നാളികേരം എന്നീ രണ്ടേ രണ്ട് വിളകൾക്ക് മാത്രമാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാകുന്നത്. സംഭരണം നെല്ലിന് മാത്രമേ ഉള്ളുതാനും. മാത്രവുമല്ല, കേന്ദ്ര സർക്കാരിന്റെ നയസമീപനങ്ങൾ പൊതുവിൽ ഇത്തരം ഇടപെടലുകൾക്ക് ശക്തി പകരുന്നവയുമല്ല. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന, തോട്ടവിളകളായ റബർ, തേയില , കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ

ഉത്പന്നങ്ങളുടെ കാര്യത്തിൽ മൂല്യ വർദ്ധനവിന് ഊന്നൽ നൽകുന്ന തരത്തിലുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്ന നിലപാടുകൾ പലപ്പോഴും ഉണ്ടാകുന്നില്ല എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. കേരളത്തിലെ റബർ കർഷകരുടെ അവസ്ഥ പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും.

ഇവിടെയാണ് പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവയടക്കം 16 കാർഷികോത്പന്നങ്ങൾക്ക് തറവില പ്രഖ്യാപിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ പ്രസക്തി. 2020 നവംബർ ഒന്നിന് നടത്തിയ ഈ പ്രഖ്യാപനം ഉല്പാദനച്ചെലവിന്റെ 20 ശതമാനം അധികം വില നൽകിക്കൊണ്ട് കർഷകരിൽ നിന്ന് മൊത്തം ഉല്പാദനവും സർക്കാർ സംഭരിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒരു സീസണിൽ 15 ഏക്കറിൽ താഴെ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാകുന്നു. ഉല്പാദനക്ഷമതയുടെ പരിധി ഇക്കാര്യത്തിൽ ഉറപ്പാക്കിയിരിക്കുന്നു. സ്വന്തം കൃഷിയിടത്തിൽ ഉല്പാദിപ്പിച്ചതും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ എല്ലാ കർഷകർക്കും ഈ ആനുകൂല്യം ലഭ്യമാകും. സംസ്ഥാന കാർഷിക വകുപ്പ് ഏകോപനം നിർവഹിക്കുന്ന ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുക. ശീത സംഭരണ ശാലകൾ, ഉത്പന്നങ്ങൾ കേടാകാതെ കൊണ്ടുപോകുന്നതിനുള്ള ശീതീകരണ സൗകര്യങ്ങളോട് കൂടിയ വാഹനങ്ങൾ അടക്കമുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതും ഇതിന്റെ ഭാഗമാണ്.

കേന്ദ്ര സർക്കാർ ഈയിടെ നടപ്പാക്കിയ കാർഷിക വിപണന പരിഷ്കരണ നിയമങ്ങൾ കർഷക സമൂഹത്തിൽ നിന്ന് ശക്തമായ എതിർപ്പ് നേരിടുകയാണ്. മാത്രവുമല്ല, ഇത് ഫെഡറൽ സഹകരണത്തോട് പുറം തിരിഞ്ഞു നിൽക്കുന്ന ഒന്നാണെന്ന വിമർശനവും ഉയർന്നിട്ടുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ പുതിയ നീക്കം ശ്ലാഘനീയമായ ഒന്നാണെന്ന് വിലയിരുത്താൻ കഴിയും. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കേരളത്തിൽ പച്ചക്കറി ഉത്പാദനം ഇരട്ടിയായി വർധിച്ചിട്ടുണ്ട്. അതുകൊണ്ട് പുതിയ പ്രഖ്യാപനം ഇത്തരം വിളകളുടെ ഉല്പാദനത്തിന് കൂടുതൽ പ്രോത്സാഹനമാകുമെന്ന് മാത്രമല്ല, കൂടുതൽ സ്ഥലത്ത് പഴങ്ങളും പച്ചക്കറിയും കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഉത്തേജനം നൽകുകയും ചെയ്യും. കാർഷിക വിഭവങ്ങളുടെ ഉത്പാദനം റെക്കോർഡ് തലത്തിലേക്ക് ഉയർത്തി മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളെ ആശ്രയിക്കുന്നത് ക്രമേണ കുറച്ചു കൊണ്ട് വരുന്നതിന് വരും വർഷങ്ങളിൽ ഇത് വഴിയൊരുക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കാം. ശരിയാംവണ്ണം നടപ്പിലാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ കാർഷിക മേഖലയിൽ പുതിയ ചരിത്രം കുറിയ്ക്കുന്നതിന് പര്യാപ്തമാകുന്ന പദ്ധതിയാകും ഇതെന്ന കാര്യത്തിൽ സംശയമില്ല.

കെ. ജെ ജോസഫ്

# ഭരണകൂട നിഷ്പക്ഷതയും തൊഴിൽ മേഖലയിലെ പരിഷ്കരണവും

അമിത് ബാദുരി

**അ**ടുത്ത ഡിസംബർ മാസത്തിനകം നാലു പുതിയ ലേബർ കോഡുകൾ നടപ്പാക്കുന്നതിന് നരേന്ദ്ര മോഡി സർക്കാർ ലക്ഷ്യമിടുന്ന സാഹചര്യത്തിൽ തൊഴിൽ മേഖലയിലെ പരിഷ്കരണ നടപടികൾ വീണ്ടും ശ്രദ്ധാകേന്ദ്രമാവുകയാണ്. തൊഴിൽ നിയമ പരിഷ്കരണ നടപടികളുടെ അവസാനഘട്ടമാണ് ഇത്. പാർലമെന്റിന്റെ കഴിഞ്ഞ സമ്മേളനത്തിൽ മൂന്ന് ലേബർ കോഡുകൾക്ക് അംഗീകാരം നൽകിയിരുന്നു. വ്യവസായ ബന്ധ നിയമങ്ങൾ, സാമൂഹ്യ സുരക്ഷാ നിയമങ്ങൾ, തൊഴിൽപരമായ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യം എന്നിവയ്ക്കായുള്ള നിയമങ്ങൾ എന്നിവയാണ് ഈ മൂന്ന് കോഡുകൾ. കോവിഡ് മൂലം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേരിടുന്ന കടുത്ത മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ വേതന കോഡ് അടക്കമുള്ള ഈ നിയമങ്ങൾ വീണ്ടും പൊതു ശ്രദ്ധയിലേക്ക് വരികയാണ്.

തൊഴിൽ നിയമ ഭേദഗതിയെ കുറിച്ചുള്ള ചർച്ചകൾ വരുമ്പോൾ സാധാരണയായി അത് സംഘടിത മേഖലയിലെ തൊഴിലുകളെ കുറിച്ച് മാത്രമായി ചുരുങ്ങുകയാണ് പതിവ്. എന്നാൽ സംഘടിത മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലുകൾ തമ്മിൽ നൈസർഗികമായ ഒരു ബന്ധമുണ്ട് എന്നതാണ് വസ്തുത. നിലവിലെ നിയമങ്ങളും അവയുടെ ഭേദഗതികളും സംഘടിത മേഖലയിൽ മാത്രമല്ല അസംഘടിത മേഖലയിലും സ്വാധീനം ചെലുത്തുന്നുണ്ട്. ഇന്ത്യയിലെ തൊഴിലാളികളിൽ 90 ശതമാനത്തിലേറെ ജോലിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്. ഇതിൽ തന്നെ 60 മുതൽ 70 ശതമാനം വരെ കാർഷിക മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരല്ല. ഇതിൽ ഒരു വിഭാഗം ഗ്രാമീണ മേഖലയിലെ ചെറുകിട, സൂക്ഷ്മ വ്യവസായ യൂണിറ്റുകളിൽ ജോലിയെടുക്കുമ്പോൾ മഹാഭൂരിപക്ഷവും അസംഘടിത മേഖലയിലെ വ്യത്യസ്ത തരത്തിലുള്ള തൊഴിലുകൾ ചെയ്ത് ഉപജീവനം കഴിക്കുന്നവരാണ്.

> ***അസംഘടിത മേഖലയിലെ തൊഴിലാളികൾ സംഘടിത മേഖലക്ക് ആവശ്യമായ ഒരു റിസർവ് സൈന്യത്തെ പോലെയാണ് പലപ്പോഴും പ്രവർത്തിക്കുന്നത്. അസംഘടിത രംഗത്തെ ബാധിക്കാത്ത തരത്തിൽ സംഘടിത മേഖലയിൽ വേതന വർധന വരുത്തുക എന്നത് ഏറെക്കുറെ അപ്രായോഗികമായ കാര്യമാണ്.***

ഒരു തരത്തിൽ പറഞ്ഞാൽ അസംഘടിത മേഖലയിലെ തൊഴിലാളി സഞ്ചയം സംഘടിത മേഖലയുടെ ഒരു റിസർവ് സൈന്യം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത് എന്ന് കാണാം. അസംഘടിത മേഖലയിലെ

***സ്വകാര്യ മേഖലയെ സഹായിക്കുന്ന വിധത്തിൽ നടപ്പാക്കിയ നികുതി ഇളവുകൾ, ഉദാര വ്യവസ്ഥകളോട് കൂടിയ വായ്പകൾ, പണപരവും ധനപരവുമായ നയങ്ങൾ തുടങ്ങിയ നടപടികൾ നിക്ഷേപം ഉയർത്തുന്നതിന് സഹായകമായിട്ടില്ല. ഇതിനായി സർക്കാർ മുന്നിട്ടിറങ്ങുകയും ഡെഫിസിറ്റ് ഫൈനാൻസിംഗ് അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.***

തൊഴിലിനെ സ്വാധീനിക്കാത്ത വിധത്തിൽ സംഘടിത മേഖലയിലെ വേതന പരിഷ്കരണം അപ്രായോഗികമാണ്. സംഘടിത മേഖലയിൽ വേതന വർധന കൊണ്ട് വരുമ്പോൾ തൊഴിലുടമകൾ അസംഘടിത മേഖലയിൽ നിന്ന് കരാർ വ്യവസ്ഥയിൽ കൂടുതൽ ജോലിക്കാരെ എടുക്കുന്നു എന്നതാണ് ഇതിനു കാരണം. ഒരു പരിധി വരെ ഇത് സംഘടിത മേഖലയിൽ തൊഴിലുമായി ബന്ധപ്പെട്ട മൂലധനച്ചെലവുകളിൽ ഒരു നിയന്ത്രണം കൊണ്ട് വരുന്നതിന് സഹായകമാകുന്നുണ്ട്. തൊഴിൽ രംഗത്ത് അസംഘടിത മേഖല നിർവഹിക്കുന്ന നിർണ്ണായക റോൾ ഇതാണ്. അസംഘടിത മേഖലയിൽ വേതന വർധന വരുന്നത് സംഘടിത മേഖലയെ ശക്തിപ്പെടുത്തുന്നത് കാണാം. അസംഘടിത മേഖലക്കൊപ്പം വേതന വർധനക്കായി വാദിക്കുന്നതിന് ഇത് സംഘടിത മേഖലക്ക് സഹായകമാകുന്നു. സംഘടിത മേഖലയുടെ റിസർവ് സൈന്യം എന്ന നിലയിൽ ഈ രംഗത്ത് ഒരു നിയന്ത്രണം കൈവരുത്തുന്നതിന് ഒരു നിയാമക ശക്തിയായി അസംഘടിത മേഖല പ്രവർത്തിക്കുന്നു എന്ന് ചുരുക്കം. അമേരിക്കൻ സർവ്വകലാശാലകളലെയും ഐ എം എഫ് തുടങ്ങിയ സ്ഥാപനങ്ങളിലെയും സാമ്പത്തിക വിദഗ്ദർ വാദിക്കുന്ന ഒരു കാര്യമുണ്ട്. ഭരണകൂട നയങ്ങൾക്ക് സംഘടിത, അസംഘടിത മേഖലകൾ തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്താനാകുമെന്ന വാദമാണ് അത്. തൊഴിൽ മേഖലയും തൊഴിൽ ഉടമകളും തമ്മിലുള്ള ബന്ധങ്ങളെ ഒരു അമ്പയർ എന്ന നിലയിൽ നിയന്ത്രിക്കുന്ന നിക്ഷ്പക്ഷമായ ഒരു ഭരണ സംവിധാനമാണ് ഇക്കാര്യത്തിൽ വേണ്ടത്. എന്നാൽ ഈയിടെയായി ഇല്ലാതായിരിക്കുന്നതും ഇത്തരം ഒരു ഭരണ സംവിധാനമാണ്.

ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലം മുതൽ കാണുന്ന ഒരു കാര്യം തൊഴിൽ നിയമങ്ങളിലെ മാറ്റം മൂലധനത്തിന് കൂടുതൽ അനുകൂലമാകുന്നു എന്നതാണ്. ഇപ്പോൾ അത് പൂർണ്ണമായും തൊഴിൽ ഉടമകൾക്ക് അനുകൂലമാകുന്ന വിധത്തിലേക്ക് മാറിയിരിക്കുന്നു. അതുകൊണ്ടാണ് ഇത് സംബന്ധമായ ചർച്ചകൾ തൊഴിൽ സമയം ദീർഘിപ്പിക്കൽ, 'ഹയർ ആൻഡ് ഫയർ' നയങ്ങളിൽ വരുത്തിയ മാറ്റങ്ങൾ തുടങ്ങിയ വിഷയങ്ങളെ മാത്രം കേന്ദ്രീകരിച്ചാകുന്നത്. ഭരണകൂടത്തിന്റെ എല്ലാ ആനുകൂല്യങ്ങളും മൂലധനത്തിന് സഹായകമാകുന്നു എന്ന് മാത്രമല്ല, തൊഴിലാളികൾക്കു സഹായകമായി ഒന്നും ഇല്ലാതാവുകയും ചെയ്യുന്നു. അതുകൊണ്ട് ഭരണകൂടം നിഷ്പക്ഷമല്ലെന്ന് മാത്രമല്ല, കൂടുതൽ കൂടുതൽ തൊഴിൽ മേഖലക്ക് എതിരാവുകയും ചെയ്യുന്നു എന്ന് വിലയിരുത്തേണ്ടതായി വരുന്നു. ഇതിന്റെ പ്രത്യാഘാതം വളരെ പ്രധാനമാണ്. കാരണം ഭരണകൂടം തൊഴിലില്ലായ്മയെ അത്ര കാര്യമായി കണക്കിലെടുക്കുന്നില്ല എന്നതാണ് അത്. സർക്കാരിന്റെ പക്കൽ സ്റ്റോക്കുള്ള ഭക്ഷ്യധാന്യങ്ങൾ പ്രയോജനപ്പെടുത്തിയും ഡെഫിസിറ്റ് ഫൈനാൻസിംഗ് വഴിയായും

***ഉദാരവത്കരണവും നവ ഉദാരവത്കരണവും വികസനം, വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ മേഖലകളിൽ നിന്നും സർക്കാരുകൾ പിന്മാറുന്നതിനുള്ള തന്ത്രങ്ങളായി പരിണമിക്കുകയാണ്. പകരം ഈ ഉത്തരവാദിത്വങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറ്റം ചെയ്യുകയാണ് ചെയ്യുന്നത്.***

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നും ജനങ്ങൾക്ക് നേരിട്ട് പണം കൈമാറി വിപണിയിലെ ക്രയശേഷി ഉയർത്തണമെന്നുമുള്ള ആവശ്യം ശക്തമായി തന്നെ ഉയരുന്നുണ്ട്. എന്നാൽ തൊഴിൽ മേഖലയെ ഉടമകൾക്ക് അനുകൂലമായി മാറ്റുന്നതിനാണ് ഭരണകൂടത്തിന് കൂടുതൽ താല്പര്യം. തൊഴിലുടമകൾ തൊഴിൽ മേഖലയുടെ നിയന്ത്രണം കൈപിടിയിലൊതുക്കാത്ത വിധത്തിൽ ഭരണകൂടം നിഷ്പക്ഷമായി പ്രവർത്തിക്കാത്തതിന്റെ കാരണങ്ങൾ ഇവയൊക്കെയാണ്. ഭരണകൂടത്തിന്റെ പക്ഷപാതിത്വത്തിന്റെ വ്യക്തമായ തെളിവുകൾ ഇവിടെ കാണാനാകും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിന് താല്പര്യമില്ലെന്നും ഇത്തരം നീക്കങ്ങൾ വ്യക്തമാക്കുന്നുണ്ട്.

അസംഘടിത മേഖലയിലെ പ്രായേണ കുറഞ്ഞ വേതന നിരക്കുകളും തൊഴിൽ രഹിതരുടെ വലിയ നിരയും സംഘടിത മേഖലയിലെ തൊഴിലാളികളുമായുള്ള വിലപേശലിന് തൊഴിലുടമകൾക്ക് കൂടുതൽ കരുത്ത് പകർന്ന് നൽകുന്നു. നിഷ്പക്ഷം എന്ന നിലയിൽ നിന്ന് ഏറെ പക്ഷപാതപരമായി സർക്കാർ മാറിയിരിക്കുന്നു എന്നതാണ് മറ്റൊരു പ്രധാന വസ്തുത. ഈയടിസ്ഥാനത്തിൽ നോക്കുമ്പോൾ ഏറ്റവും ഒടുവിൽ പാസാക്കിയ തൊഴിൽ നിയമങ്ങൾ വ്യവസായികളോടുള്ള സർക്കാരിന്റെ പക്ഷപാതിത്വം കൃത്യമായി വെളിവാക്കുന്നതാണ്. സംഘടിത, അസംഘടിത മേഖലകളിൽ തൊഴിലവസരങ്ങൾ കൂട്ടുന്നതിന് തികച്ചും വിരുദ്ധമായ സമീപനമാണ് ഇത്. മൂലധന ശക്തികൾക്ക് വേണ്ടി തൊഴിൽ മേഖലയെ നിയന്ത്രിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള നീക്കങ്ങളാണ് ഇതെന്നും കാണാനാകും.

ഉദാരവത്കരണവും നവ ഉദാരവത്കരണവും വികസനം, വളർച്ച, കൂടുതൽ തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയ നിർണ്ണായക ചുമതലകളിൽ നിന്ന് സർക്കാരുകൾ പിന്മാറുന്നതിനുള്ള തന്ത്രപരമായ നിലപാടാണ്. അതിന് പകരമായി ഈ വക അടിസ്ഥാന ചുമതലകളെല്ലാം സൗകര്യപൂർവം സ്വകാര്യ മേഖലക്ക് കൈമാറുന്നു. ഈ തന്ത്രത്തെ അടിസ്ഥാനമാക്കി സ്വകാര്യ മേഖലക്ക് കൂടുതൽ ഉത്തേജനം നൽകുകയും കൂടുതൽ സ്വകാര്യ മൂലധന മുടക്ക് സാധ്യമാകുന്ന തരത്തിൽ തൊഴിൽ നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ഈ പ്രത്യയശാസ്ത്രത്തിന്റെ കാതൽ വളരെ വ്യക്തമാണ്. സ്വകാര്യ മൂലധന മുടക്ക് ഉയർത്തുന്നതിന് കൂടുതൽ സമയം ആവശ്യമായി വരും. ഇതിനു എത്ര സമയമെടുക്കും എന്ന് ഖണ്ഡിതമായി പറയാൻ ആർക്കും കഴിയില്ല. സ്വകാര്യ മേഖലയെ സഹായിക്കുന്ന വിധത്തിൽ നടപ്പാക്കിയ നികുതി ഇളവുകൾ, ഉദാര വ്യവസ്ഥകളോട് കൂടിയ വായ്പകൾ, പണപരവും ധനപരവുമായ നയങ്ങൾ തുടങ്ങിയ നടപടികൾ നിക്ഷേപം ഉയർത്തുന്നതിന് സഹായകമായിട്ടില്ല. ഇതിനായി സർക്കാർ മുന്നിട്ടിറങ്ങുകയും ഡെഫിസിറ്റ് ഫൈനാൻസിംഗ് അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനു ജനപക്ഷത്ത് നിന്ന് ചില ചോദ്യങ്ങൾ ഉയരേണ്ടതുണ്ട്, സ്വകാര്യ മൂലധന നിക്ഷേപം വർദ്ധിക്കുന്നതിനും

തൊഴിൽ അവസരങ്ങൾ കൂടുന്നതിനും ഇനിയും എത്ര നാൾ കാത്തിരിക്കേണ്ടി വരും എന്നതാണ് പ്രസക്തമായ ചോദ്യം. എന്നാൽ നിർഭാഗ്യവശാൽ അതിനു ഒരു മറുപടി ലഭ്യമാകുന്നില്ല. അതിനാലാണ് തൊഴിൽ നയങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കേണ്ടത്. ഒരു നിയതമായ സമയത്തിനുള്ളിൽ സമ്പദ്‌വ്യവസ്ഥയെ തിരിച്ചു കൊണ്ട് വരാൻ പര്യാപ്തമാകും വിധത്തിൽ സ്വകാര്യ മേഖലയ്ക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ ഭരണകൂടം രംഗത്തിറങ്ങുക തന്നെ വേണം. സമയബന്ധിതമായ വിധത്തിലുള്ള ഈ ഇടപെടലുകളാണ് ജനാധിപത്യത്തെ അർത്ഥപൂർണമാക്കുന്നത്. അത് ഒരിക്കലും തൊഴിൽ മേഖലയോട് മുഖം തിരിക്കുന്നതും മൂലധനത്തെ അമിതമായി പിന്താങ്ങുന്നതും ആയിരിക്കരുത്.

■


(ജെ എൻ യുവിലെ മുൻ എമിറേറ്റ്സ് പ്രഫസറാണ് ലേഖകൻ. സംസ്ഥാന തൊഴിൽ വകുപ്പുമായി ചേർന്ന് 'ഇന്ത്യയിലെ തൊഴിൽ നിയമങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഗിഫ്റ്റ് സംഘടിപ്പിച്ച ദേശീയ വെബിനാറിൽ അദ്ദേഹം നടത്തിയ പ്രഭാഷണത്തെ ആധാരമാക്കി തയാറാക്കിയ ലേഖനം.)

# തൊഴിൽ നിയമങ്ങളുടെ ഉദാരവൽക്കരണം : രോഗം അറിയാതെയുള്ള ചികിത്സ

അംഗരിക രക്ഷിത്, കിരൺകുമാർ കക്കർലപുടി

ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിത മാർഗ്ഗം നിശ്ചലമാക്കുന്ന വിധത്തിൽ കോവിഡ് മഹാമാരി സാമ്പത്തിക പ്രവർത്ത നങ്ങളെ മന്ദീഭവിപ്പിച്ചിരിക്കുകയാണ്. സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമിയുടെ (സി എം ഐ ഇ) കണക്കുകൾ പ്രകാരം ഈ വർഷം ഏപ്രിൽ മാസത്തിൽ മാത്രം 122 ദശലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കിതയ്ക്കുമ്പോൾ, ഉത്തർപ്രദേശ് സർക്കാർ വ്യവസായ മേഖലയെ സഹായിക്കുന്നതിനായി മൂന്ന് വർഷത്തേക്ക് തൊഴിൽ നിയമങ്ങളിൽ ഇളവുകൾ അനുവദിക്കുന്ന ഓർഡിനൻസ് കൊണ്ട് വരികയുണ്ടായി. ഇതിന്റെ ചുവട് പിടിച്ച് പല സംസ്ഥാനങ്ങളും വ്യത്യസ്ത കാലയളവുകളിലേക്ക് തൊഴിൽ നിയമങ്ങൾ ഉദാരമാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ഇതിനകം പുറപ്പെടു വിച്ചിട്ടുണ്ട്. വ്യവസായ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വ ത്തിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കാവുന്ന 1948 ലെ വ്യവസായ തർക്ക നിയമം അടക്കം, ഫാക്ടറി നിയമം, മിനിമം വേതന നിയമം, 1970 ലെ ലേബർ കോൺട്രാക്ട് നിയമം എന്നിവ ഉൾപ്പടെ പലതിന്റെയും വ്യവസ്ഥകളിൽ ഇളവുകൾ വരുത്തിയി ട്ടുണ്ട്. കൂടുതൽ നിക്ഷേപം വരുന്നതിനും തൊഴിൽ അവസര ങ്ങൾ ഉണ്ടാകുന്നതിനും, അത് വഴി കോവിഡ് മൂലമുണ്ടായ സാമ്പ ത്തിക പ്രതിസന്ധി ഒരു പരിധി വരെ മറികടക്കാൻ ഇതുകൊണ്ട് കഴിയുമെന്നു മാണ് സംസ്ഥാന സർക്കാരുകൾ ആത്മവി ശ്വാസം പ്രകടിപ്പിക്കുന്നത്. എന്നാൽ ഇത്തരം വാദമുഖങ്ങൾ തെറ്റാണ് എന്ന് വിലയിരുത്തേണ്ടതായി വരും. കാരണം, തൊഴിൽ നിയമങ്ങളിൽ ഇളവുകൾ നൽകു ന്നത് മൂലം തൊഴിലവസരങ്ങൾ വർധിച്ച തിന് വ്യക്തമായ തെളിവുകൾ നിരത്താ നില്ല. ആനുവൽ സർവെ ഓഫ് ഇൻഡസ്ട്രീ സ് (എ എസ് ഐ) പ്രസിദ്ധീകരിച്ച വിവരങ്ങൾ പ്രകാരം തൊഴിൽ നിയമങ്ങ ളിലെ ഇളവുകൾ കരാർ ജോലികൾ വൻതോതിൽ വർധിപ്പിച്ചു എന്നതിന് പുറമെ, വേതനത്തിൽ കാര്യമായ കുറവു ണ്ടാവുകയും അത് തൊഴിലാളികളുടെ

***തൊഴിൽ നിയമങ്ങൾ ഉദാരമാക്കുന്നത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന വാദത്തിന് വസ്തുതാപരമായ അടിത്തറയില്ല. ആനുവൽ സർവെ ഓഫ് ഇൻഡസ്ട്രീസ് പ്രസിദ്ധപ്പെടുത്തിയ കണക്കുകൾ പ്രകാരം നിയമത്തിലെ ഇളവുകൾ കരാർ തൊഴിലിന്റെ വർദ്ധനവിനും കുറഞ്ഞ വേതനത്തിനുമാണ് വഴിയൊരുക്കുന്നതെന്ന് കാണാം.***




Source: Annual Survey of Industries, Various years

മേൽ സമ്മർദ്ദം ശക്തമാകുന്നതിന് കാരണമാവുകയും ചെയ്തു.

**ഉല്പാദനവും തൊഴിലും മാനുഫാക്റ്ററിങ് മേഖലയിൽ**

സംഘടിത ഉല്പാദന മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് സാമ്പത്തിക വളർച്ചയിൽ വലിയ പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണ്. ഇതിനെ ദീർഘകാലാടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഉത്പാദനം , തൊഴിൽ അവസരങ്ങളുടെ വർധന എന്നീ കാര്യങ്ങളിൽ അഞ്ചു പ്രധാന ഘട്ടങ്ങൾ കാണാനാകും. ആയിരത്തിത്തൊള്ളായിരത്തി എൺപതുകളാണ് ഇതിൽ ആദ്യഘട്ടം. ഈ ഘട്ടത്തിൽ ഉല്പാദനത്തിൽ വളർച്ച ഉണ്ടായെങ്കിലും തൊഴിലിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി പ്രകടമായില്ല. എന്നാൽ 1990 –95 ഘട്ടത്തിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ മുന്നേറ്റമുണ്ടായി (ഫിഗർ–1). 1996 മുതൽ 2003 വരെയുള്ള അടുത്ത ഘട്ടത്തിൽ ഉത്പാദനം 6.6 ശതമാനം കണ്ട് കൂടിയപ്പോൾ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ നെഗറ്റീവ് വളർച്ചയാണ് (1.5) രേഖപ്പെടുത്തിയത്.

ഉത്പാദനം പ്രകടമായി വർധിച്ചുവെങ്കിലും തൊഴിൽ രംഗത്ത് ഒരു വളർച്ചയും പ്രകടമാകാത്ത കാൽ നൂറ്റാണ്ട് കാലത്തെ 'തൊഴിൽ രഹിത വളർച്ച' എന്നാണ് വിശേഷിപ്പിക്കുന്നത് (കണ്ണൻ, രവീന്ദ്രൻ – 2009). മരവിപ്പിന്റെ ഈ നീണ്ട 25 വർഷത്തെ ഇടവേളയ്ക്കു ശേഷം ഉല്പാദനത്തിലെ വളർച്ചയ്ക്കൊപ്പം തൊഴിൽ മേഖലയിലും വർധന (7 ശതമാനം) പ്രകടമായതായി കാണാം. എന്നാൽ 2011 മുതൽ 2017 വരെയുള്ള അവസാന ഘട്ടത്തിൽ തൊഴിലിൽ വർധന കാണാമെങ്കിലും ഉല്പാദനത്തിൽ ഉണ്ടാകുന്ന ഇടിവ് പ്രകടമാണ് (ഫിഗർ – 2). 2017 നു ശേഷം ഈ വളർച്ചാ നിരക്ക് താഴോട്ട് പോവുകയും കോവിഡ് മഹാമാരി കാര്യങ്ങൾ കൂടുതൽ വഷളാക്കുകയും ചെയ്തു എന്നും വ്യക്തമാണ്.


**ആരാണ് തൊഴിൽ സൃഷ്ടിക്കുന്നത് ?**

ഉദാരമായ തൊഴിൽ നിയമങ്ങളുടെ വക്താക്കൾ വാദിക്കുന്ന ഒരു കാര്യം നിയമങ്ങളിൽ ഇളവുകൾ നൽകുമ്പോൾ കൂടുതൽ നിക്ഷേപം വരുമെന്നും അത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നുമാണ്. എന്നാൽ ഇത് തൊഴിലിനു വേണ്ടി വരുന്ന വേതനം അടക്കമുള്ള ചെലവുകൾ ആധാരമാക്കിയുള്ള വാദമുഖമാണ്. ജീവനക്കാർക്ക് വരുമാനം

***ഉദാരമായ തൊഴിൽ നിയമങ്ങൾക്കായി വാദിക്കുന്നവർ മുന്നോട്ട് വയ്ക്കുന്ന ഒരു കാര്യം അത് കൂടുതൽ നിക്ഷേപത്തിനും തൊഴിലവസരങ്ങൾക്കും സാധ്യത നൽകുന്നു എന്നതാണ്. എന്നാൽ തൊഴിലിനായുള്ള ചെലവിനെ ആധാരമാക്കിയുള്ളതാണ് ഈ വാദം. തൊഴിൽ ഉത്തേജിതമാക്കുന്ന ഡിമാന്റിനെ ഇവർ പരിഗണിക്കുന്നില്ല.***

ലഭ്യമാകുന്നതിലൂടെ ഉത്തേജിതമാകുന്ന ഡിമാൻഡ് എന്ന ഘടകത്തെ ഇവർ പാടെ അവഗണിക്കുന്നു. നിശ്ചിത എണ്ണത്തിന് മുകളിൽ ജീവനക്കാരുള്ള സ്ഥാപനങ്ങൾക്കാണ് ഇന്ത്യയിൽ തൊഴിൽ നിയമങ്ങൾ ബാധകമാകുന്നത്. അതിനാൽ ജീവനക്കാരുടെ എണ്ണം ഇതിനു താഴെ നിർത്തുന്നതിൽ സ്ഥാപനങ്ങൾ കൂടുതൽ ഉൽസുകാരാണ്. 1982 ലെ ഭേദഗതിക്ക് ശേഷം 100 പേർക്ക് മുകളിൽ ജീവനക്കാരുള്ള സ്ഥാപനങ്ങൾക്കാണ് വ്യവസായ തർക്ക നിയമം ബാധകമാകുന്നത്. തരം പോലെ ജീവനക്കാരെ എടുക്കുകയും തോന്നുമ്പോൾ പിരിച്ചു വിടുകയും ചെയ്യുന്ന രീതിയെ ഈ നിയമത്തിലെ ചില വ്യവസ്ഥകൾ നിയന്ത്രിക്കുന്നുണ്ട്. എന്നാൽ ഇതിലും ചില സർക്കാരുകൾ പ്രത്യേക ഇളവുകൾ നൽകുന്നുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു എന്നാണ് ഇവിടെയും പറയുന്ന ന്യായം. വ്യവസായ തർക്ക നിയമം ബാധകമാകുന്നതും അല്ലാത്തതുമായ സ്ഥാപനങ്ങളുടെ പ്രവർത്തനം ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ നിയമം ബാധകമാക്കിയ വ്യവസായങ്ങൾ തൊഴിൽ നൽകുന്നതിൽ പിന്നോക്കം പോയിട്ടില്ലെന്ന് കാണാൻ കഴിയും. ആനുവൽ സർവെ ഓഫ് ഇൻഡസ്ട്രീസ് പുറത്തുവിട്ട വസ്തുതകൾ പരിഗണിക്കുമ്പോൾ ഇന്ത്യയിലെ സംഘടിത മാനുഫാക്റ്ററിങ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏഴു ശതമാനത്തിൽ മാത്രമാണ് വ്യവസായ തർക്ക നിയമം ബാധകമായിട്ടുള്ളത്. എന്നാൽ 2000 –01 നും 2014–15 നുമിടയിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തൊഴിലുകളിൽ 53 ശതമാനവും

**Figure 2.** Contract labour intensity and wage share




Source: Authors' own calculation based on ASI unit level data

***രോഗാവസ്ഥയിലുള്ള സമ്പദ്ഘടനക്ക് ഇപ്പോൾ ആവശ്യമായ മരുന്ന് ഡിമാന്റിനെ ഉത്തേജിതമാക്കുക എന്നതാണ്. വരുമാന ശ്രേണിയുടെ താഴെ തട്ടിലുള്ളവരുടെ ക്രയശേഷി ഉയർത്തുകയെന്നതാണ് ഇതിനു ഒരു മാർഗ്ഗം. വരുമാനത്തിന്റെ സിംഹഭാഗവും ഇവർ ചെലവാക്കുന്നു എന്നത് വളരെ പ്രധാനമാണ്.***

നൽകിയത് ഈ സ്ഥാപനങ്ങളാണ്. നേരിട്ടുള്ള തൊഴിൽ അവസരങ്ങളുടെ 65 ശതമാനവും സൃഷ്ടിക്കപ്പെട്ടത് ഈ സ്ഥാപനങ്ങളിലാണ്. വ്യവസായ തർക്ക നിയമം ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ മുൻപിൽ നിൽക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കൂടുതൽ സഹായകമാകുന്നത് വ്യവസായ തർക്ക നിയമം പോലുള്ള തൊഴിൽ നിയമങ്ങൾ ബാധകമാക്കുന്നതാണ്. 50 നും 99 നുമിടയിൽ ജീവനക്കാരെ നിയമിക്കുന്ന സ്ഥാപനങ്ങൾ മനപ്പൂർവം നിയമത്തിന്റെ പഴുതുകൾ ഉപയോഗിക്കുകയും കൂടുതലായി വേണ്ടി വരുന്ന ജീവനക്കാരെ കരാർ തൊഴിലിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യുന്നു (രാമസ്വാമി - 2013). തൊഴിൽ നിയമങ്ങൾ ഉദാരമാക്കുക വഴി കുറഞ്ഞ വേതനത്തിൽ കൂടുതൽ കരാർ ജീവനക്കാരെ നിയമിക്കുന്നതിന് കമ്പനികൾക്ക് അവസരം സൃഷ്ടിച്ച് കൊടുക്കുകയാണ് ചെയ്യുന്നത്.

**തൊഴിലിന്റെ നിലവാരവും വേതനവും**

കോൺട്രാക്ട് ലേബർ നിയമം കർശനമായി നടപ്പാക്കാത്തത് മൂലം വ്യവസായ തർക്ക നിയമം മറികടക്കാൻ സ്ഥാപനങ്ങൾക്ക് അനായാസം കഴിയുന്നു. 2014 -15 ൽ 500 ജീവനക്കാരിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ 16 ശതമാനം വ്യവസായ തർക്ക നിയമത്തെ ബൈപാസ് ചെയ്തതായി കാണാം. ഇവയിലെ മൊത്തം തൊഴിലാളികളിൽ 94 ശതമാനം പേരും കരാർ ജീവനക്കാരാണ്. അതുകൊണ്ട് ഈ സ്ഥാപനങ്ങളുടെ മൊത്തം വർധിത മൂല്യത്തിന്റെ (ഗ്രോസ് വാല്യൂ ആഡഡ്) കേവലം മൂന്ന് ശതമാനം മാത്രമാണ് ജീവനക്കാരുടെ വേതന വിഹിതം. എന്നാൽ പല സംസ്ഥാനങ്ങളും വ്യവസായ തർക്ക നിയമം ബാധകമാക്കുന്നതിനുള്ള മിനിമം ജീവനക്കാരുടെ എണ്ണം നൂറിൽ നിന്ന് 300 ആക്കി ഉയർത്തുകയാണ് ചെയ്തത്. ലോക്ക് ഡൗണിന് മുൻപ് , 2020 ന്റെ ആദ്യപാദത്തിൽ തന്നെ ഇത് നടപ്പാക്കുകയും ചെയ്തു. അതുവഴി വ്യവസായികൾക്ക് ഇക്കാര്യത്തിൽ വലിയ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുകയാണ്. ഇത് കരാർ ജോലികളുടെ അനുപാതത്തിൽ വൻ തോതിലുള്ള വർധനക്ക് കാരണമാകും. കരാർ ജീവനക്കാർക്ക് സ്ഥിരം ജീവനക്കാരുടെ പകുതി മാത്രം ശമ്പളം നൽകുമ്പോൾ ഗ്രോസ് വാല്യൂ ആഡഡിൽ വേതന വിഹിതം വീണ്ടും കുറയുന്നതിന് കാരണമാകും.

തൊഴിൽ നിയമങ്ങളിൽ ഇളവുകൾ പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ വരുമാനത്തിലും ഉത്പാദനത്തിലും തൊഴിലിന്റെ പങ്ക് കുറഞ്ഞു വരുന്നത് പല സംസ്ഥാനങ്ങളിലും കാണാം. 2000 -01 നും 2017 -18 നുമിടയിൽ ഇന്ത്യയിലെ 15 മുൻനിര സംസ്ഥാനങ്ങളിൽ മൊത്തം വരുമാനത്തിന്റെ കാര്യത്തിൽ തൊഴിലെടുക്കുന്നവരുടെ വേതനത്തിന്റെ പങ്കാളിത്തം കുറഞ്ഞിട്ടുണ്ട്. ദേശീയ തലത്തിലെടുക്കുമ്പോൾ ഇക്കാര്യത്തിൽ 18 മുതൽ 30 ശതമാനം വരെയുള്ള കുറവാണ് കാണുന്നത്. ഗുജറാത്ത് , മഹാരാഷ്ട്ര പോലുള്ള ചില സംസ്ഥാനങ്ങളിൽ ഇത് ദേശീയ ശരാശരിയേക്കാൾ ഉയർന്ന തോതിലുമാണ്.

അതുകൊണ്ട് മിനിമം വേതനം എന്ന നിയമ പരിരക്ഷയിൽ നിന്ന് സർക്കാരുകൾ പിന്മാറുമ്പോൾ തൊഴിലാളികളുടെ വിലപേശൽ ശക്തി ഗണ്യമായ തോതിൽ താഴോട്ട് പോകും. തൊഴിൽ സമയം വർദ്ധിപ്പിക്കലും ഇളവുകളുടെ ഭാഗമാണ്. തൊഴിലില്ലായ്മ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന തട്ടിൽ നിൽക്കുമ്പോൾ കൂടുതൽ പേർക്ക് ജോലി ലഭിക്കുന്നതിനുള്ള സാഹചര്യം ഇത് ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

**തെറ്റായ ചികിത്സ**

മാന്ദ്യത്തിലേക്ക് വഴുതിയ ഇന്ത്യൻ സമ്പദ്ഘടനക്ക് തൊഴിൽ , വേതന നഷ്ടം വഴിയുണ്ടാകുന്ന ഡിമാൻഡ് പ്രതിസന്ധി ഒരു കൂനാകുരുക്കായി മാറുകയാണ്. തൊഴിൽ നിയമങ്ങളിലെ ഇളവുകൾ പ്രശ്ന പരിഹാരത്തിന് ഉതകുന്നതല്ലെന്ന് സ്ഥിതി വിവരക്കണക്കുകൾ കൃത്യമായി വ്യക്തമാക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കാര്യമായ സംഭാവന നൽകുന്നില്ലെന്ന് മാത്രമല്ല, ഇത് തൊഴിലാളികളെ കൂടുതൽ സമ്മർദ്ദത്തിലാഴ്ത്തുകയും ചെയ്യുന്നു. സംസ്ഥാനങ്ങൾ തമ്മിലുള്ള കിടമത്സരം നിയമത്തിൽ കൂടുതൽ ഇളവുകൾക്ക് വഴി തുറക്കുന്നതിന് പുറമെ വേതനം കുറയ്ക്കുന്നതിൽ കമ്പനികളുടെ അധീശത്വം ഉറപ്പാക്കുകയും ചെയ്യുന്നു. തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് പ്രോത്സാഹനം ഇല്ലാതാകുന്നത് ഡിമാൻഡ് പ്രതിസന്ധി രൂക്ഷമാകുകയും ചെയ്യും. ജനങ്ങളുടെ ക്രയശേഷി ഉയർത്തി വിപണിയിൽ ചോദനം ശക്തമാക്കുകയാണ് ഈ ഘട്ടത്തിൽ നൽകേണ്ട മരുന്ന്. പാവപ്പെട്ടവരിലേക്ക് നേരിട്ട് പണം എത്തിക്കുന്നത് ഹൃസ്വകാല പരിഹാര മാർഗമാണെങ്കിലും മാന്യമായ വേതനത്തോട് കൂടിയ നിരവധിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കലാണ് ദീർഘകാലാടിസ്ഥാനത്തിൽ വിപണികളുടെ മരവിപ്പിന് പരിഹാരമായി മാറുക.

■

(അംഗരിക രക്ഷിത്, പി എച്ച് ഡി റിസർച്ച് സ്കോളർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ്, ഐ ഐ ടി , ഡൽഹി, കിരൺകുമാർ കക്കർലപുടി , കൺസൽട്ടൻറ്, യു എൻ ഇ എസ് സി എ പി സൗത്ത് ആൻഡ് സൗത്ത് വെസ്റ്റ് ഏഷ്യ ഓഫിസ്, ന്യൂ ഡൽഹി. കിരൺകുമാർ കക്കർലപുടി, അസിസ്റ്റന്റ് പ്രൊഫസർ, ഗിഫ്റ്റ് ആയി നിയമിതനായിട്ടുണ്ട്)

**References**

Kannan, K. P. & Raveendran, G. (2009). Growth sans employment: A quarter century of jobless growth in India's organised manufacturing. Economic and Political weekly, 80-91.

Ramaswamy, K. V. (2013). Understanding the 'missing middle'in Indian Manufacturing: The Role of Size-Dependent Labour Regulations and Fiscal Incentives. Available at SSRN 2271478.

# കോവിഡ് പ്രതിരോധത്തിലെ കേരള മോഡൽ ശ്രദ്ധേയം : റിസർവ് ബാങ്ക് റിപ്പോർട്ട്

ജോർജ് ജോസഫ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ രണ്ടു ദശകങ്ങളായി കേരളം നടത്തി വരുന്ന ശ്രമങ്ങൾ കോവിഡ് മഹാമാരിയെ നേരിടുന്നതിന് സംസ്ഥാനത്തിന് കൂടുതൽ കരുത്തായി എന്ന് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ. സാമ്പത്തിക വിഭവങ്ങളുടെയും അധികാരങ്ങളുടെയും സമയബന്ധിതമായുള്ള വികേന്ദ്രീകരണം ഈ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് പര്യാപ്തമായി എന്ന് റിസർവ് ബാങ്കിന്റെ *'2020-21 ലെ ബഡ്ജറ്റുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സാമ്പത്തിക നിലയെ കുറിച്ച് ഒരു പഠനം'* എന്ന റിപ്പോർട്ടിൽ പറയുന്നു. കോവിഡിനെ പ്രതിരോധിക്കുന്നതിൽ ഫലപ്രദമായ കേരള മോഡൽ ഇടപെടലിനെ കുറിച്ചുള്ള സമഗ്രമായ പ്രതിപാദനമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മഹാമാരിയെ നേരിടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് യഥാസമയം പണം നൽകുന്നതിൽ സംസ്ഥാന സർക്കാർ കാണിച്ച ശുഷ്കാന്തി ഇക്കാര്യത്തിൽ നിർണ്ണായകമായെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു.

ഇന്ത്യയിൽ ആദ്യമായി ഒരു കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത സംസ്ഥാനം കേരളമാണ്. ഒട്ടേറെ മലയാളികൾ ഇന്ത്യക്ക് പുറത്ത് ജോലി ചെയ്യുന്നത് മൂലവും അന്താരാഷ്ട്ര ടൂറിസ്റ്റ് ഭൂപടത്തിലെ സംസ്ഥാനത്തിന്റെ പ്രധാന്യവും കണക്കിലെടുക്കുമ്പോൾ കേരളം ഒരു കോവിഡ് ഹോട്ട് സ്പോട്ടായി മാറുമെന്ന ആശങ്ക ഈ ഘട്ടത്തിൽ ശക്തമായിരുന്നു. രോഗവ്യാപനത്തിന്റെ ആദ്യ ഘട്ടത്തെ ശക്തമായി പ്രതിരോധിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞുവെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. എന്നാൽ വിദേശത്ത് നിന്ന് കൂടുതൽ ആളുകൾ മടങ്ങി വരാൻ തുടങ്ങിയതോടെ രണ്ടാം ഘട്ട വ്യാപനം രൂക്ഷമായി. എന്നിരുന്നാലും മരണനിരക്കിന്റെ കാര്യത്തിൽ കേരളം അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ താഴെയാണെന്ന് കാണാം. ദേശീയാടിസ്ഥാനത്തിൽ മരണ നിരക്ക് 1.5 ശതമാനമായിരിക്കെ, കേരളത്തിൽ അത് കേവലം 0.3 ശതമാനമാണ്. കോവിഡ് കേസുകൾ കൂടുതലായി ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് 101 ഫസ്റ്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ പ്രവർത്തനം തുടങ്ങി. ഇതിനു പുറമെ രോഗികളുടെ സമ്പർക്ക പട്ടിക കൃത്യമായി തയാറാക്കുക വഴിയും, ക്വാറന്റൈൻ, ടെസ്റ്റിംഗ് തുടങ്ങിയ കാര്യങ്ങൾ ഊർജ്ജിതമാക്കുകയും വഴി രോഗവ്യാപനത്തെ ശക്തമായി പ്രതിരോധിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഇവിടെയാണ് ശക്തമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞത്. രോഗികളുടെ വിവരങ്ങൾ ശേഖരിക്കുക, ബോധവത്കരണം നടത്തുക,

***ഇന്ത്യയിൽ ആദ്യമായി ഒരു കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത സംസ്ഥാനം കേരളമാണ്. എന്നാൽ രോഗവ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞത് വഴി മഹാമാരിയുടെ ആഘാതം കുറയ്ക്കാൻ സാധിച്ചു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ ഇടപെടൽ നടത്തി എന്ന് റിസർവ് ബാങ്ക് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.***

രോഗസാധ്യത കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്തുക, ക്വാറന്റൈൻ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക, ലോക്ക് ഡൌൺ നിബന്ധനകൾ കർശനമായി പാലിക്കുന്നത് ഉറപ്പ് വരുത്തുക, ശുചീകരണ പ്രവർത്തനം, അവശ്യസാധനങ്ങളുടെ വിതരണം തുടങ്ങിയ മേഖലകളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞതെന്ന് ആർ ബി ഐ റിപ്പോർട്ട് പ്രത്യേകം എടുത്തു പറയുന്നു.

1200ൽ പരം വരുന്ന തദ്ദേശ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരുമായി ചേർന്ന് ഏകോപനത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞത് രോഗവ്യാപനത്തെ പ്രതിരോധിക്കുന്നതിൽ കേരളത്തിന് വളരെ സഹായകമായി മാറിയെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ആരോഗ്യ പ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, കുടുംബശ്രീ അംഗങ്ങൾ, പോലീസ് തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഈ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് മൂന്ന് ലക്ഷം പേരുടെ സന്നദ്ധ പ്രവർത്തക സേനയും സജ്ജമാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. സമയബന്ധിതമായും ആവശ്യാനുസരണവും തദ്ദേശ സ്ഥാപനങ്ങൾക്ക് പണം എത്തിക്കാൻ സർക്കാരിന് സാധിച്ചുവെന്നതാണ് ഇതിലെ കാതലായ വശമെന്നും റിസർവ് ബാങ്കിന്റെ റിപ്പോർട്ട് പറയുന്നു.

**സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ ആശങ്ക വിതച്ച് കോവിഡ്**

വിവിധ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്തതുകൊണ്ട് ഇക്കാര്യത്തിലുള്ള ആശങ്ക ഈ റിപ്പോർട്ട് പങ്ക് വയ്ക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളുടെ കടബാധ്യത കുതിച്ചുയരുന്നത് സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ കൂടുതൽ സങ്കീർണ്ണമാക്കുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2020–21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങളുടെ മൊത്തം ധനകമ്മി ( ജി എഫ് ഡി) ജി ഡി പിയുടെ 2.8 ശതമാനം വരുമെന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ കോവിഡ് മൂലമുണ്ടായ പ്രത്യേക സാമ്പത്തിക സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പ്രകടമായി ഉയരുന്നതിന് സാധ്യതയുണ്ട്. കഴിഞ്ഞ ബജറ്റ് പ്രകാരം നോക്കുമ്പോൾ സംസ്ഥാനങ്ങളുടെ ശരാശരി ധനക്കമ്മി 2.4 ശതമാനമാണ്. എന്നാൽ കോവിഡ് ആഘാതം കൂടി കണക്കിലെടുക്കുമ്പോൾ ഇത് 4.6 ശതമാനമായി ഉയരുമെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

സംസ്ഥാനങ്ങളുടെ വരുമാനം കാര്യമായി ഉലഞ്ഞിരിക്കുന്ന അവസ്ഥയിൽ മൂലധന ചെലവുകൾ വെട്ടി കുറക്കേണ്ടി വരും. 2019–20ൽ മൂലധന ചെലവുകളിൽ ഉണ്ടായ കുറവ് 1.26 ലക്ഷം കോടി രൂപയാണ്. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 0.6 ശതമാനം വരുമിത്. കഴിഞ്ഞ രണ്ടു ദശകത്തിനിടയിൽ മൂലധന ചെലവിൽ ഉണ്ടായ ഏറ്റവും വലിയ

***സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം ഫണ്ട് കൈമാറിയതിനാൽ കോവിഡ് കാലത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നതിന് അവയ്ക്ക് കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, പോലീസ് തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞത് കേരളത്തിന് നേട്ടമായി.***

ഇടിവാണ് ഇതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

കോവിഡ് മഹാമാരിക്ക് ശേഷം സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ കാര്യമായ അഴിച്ചുപണി ഉണ്ടാകുമെന്നും റിപ്പോർട്ട് പ്രവചിക്കുന്നുണ്ട്. ആരോഗ്യ രംഗത്തും സാമൂഹ്യ സുരക്ഷാ മേഖലയിലും അധികം പണം ചെലവഴിക്കേണ്ടി വരും എന്നതാണ് ഇതിന് ആസ്പദമായ സാഹചര്യം. 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറുമാസക്കാലത്ത് അതീവ ഗുരുതരമായ സാമ്പത്തിക അവസ്ഥയാണ് സംസ്ഥാനങ്ങൾക്ക് നേരിടേണ്ടി വന്നത്. അതുകൊണ്ട് സംസ്ഥാനങ്ങളുടെ ധനകമ്മി നാലു ശതമാനത്തിന് മുകളിൽ ഉയരുമെന്നാണ് റിസർവ് ബാങ്ക് റിപ്പോർട്ട് കണക്കാക്കുന്നത്. നിലവിൽ ഇരട്ട ആഘാതമാണ് സംസ്ഥാനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്. നികുതി വരുമാനത്തിന് പ്രകടമായ കുറവുണ്ടാകുമ്പോൾ ചെലവുകൾ ഭീമമായി ഉയരുന്നുവെന്നതാണ് സംസ്ഥാനങ്ങൾ നേരിടുന്ന കടുത്ത പ്രതിസന്ധി. ഇതിനു പുറമെ വിദേശത്ത് ജോലി ചെയ്യുന്നവരുടെ തിരിച്ചുവരവ് അടക്കമുള്ള വിഷയങ്ങൾ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്.

ഇതിനെല്ലാം പുറമെ, 2021 മാർച്ച് അവസാനിക്കുമ്പോൾ സംസ്ഥാനങ്ങളുടെ മൊത്തം കടബാധ്യത ജി ഡി പിയുടെ 75 ശതമാനമായി ഉയർന്നേക്കാമെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ഇതുമൂലം പൊതുകടമെടുപ്പിനെ സംസ്ഥാനങ്ങൾ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു. പ്രത്യേകിച്ച് പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളെ നാഷണൽ സ്മാൾ സേവിങ്സ് ഫണ്ടിന്റെ ഫൈനാൻസിംഗ് സംവിധാനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ.

ചെലവുകളുടെ കാര്യത്തിൽ പൊടുന്നനെ ഉണ്ടായിരിക്കുന്ന മാറ്റവും മൂലധന ചെലവുകളെ ദോഷകരമായി ബാധിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഏപ്രിൽ - ജൂൺ കാലയളവിൽ റവന്യു ചെലവുകളിൽ ഉണ്ടായ വർധന 12 ശതമാനമാണ്. എന്നാൽ റവന്യു വരുമാനമാകട്ടെ 21 ശതമാനം കണ്ട് ഇടിഞ്ഞിരിക്കുകയാണ്. റവന്യു ചെലവുകൾ ബഡ്ജറ്റിനകത്ത് നിയന്ത്രിച്ച് നിർത്തുന്നതിന് സംസ്ഥാനങ്ങൾ കൂടുതൽ വായ്പയെടുക്കാൻ നിർബന്ധിതമാവുകയാണ്. 19 സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഡെബ്റ്റ് : ജി എസ് ഡി പി അനുപാതം 25 ശതമാനത്തിന് മുകളിലാകുമെന്ന മുന്നറിയിപ്പും ഈ റിപ്പോർട്ട് നൽകുന്നുണ്ട്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ മൂലധനച്ചെലവുകൾ 2020 ലെ ആദ്യപാദത്തിൽ 2019 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 21.8 ശതമാനം ഉയരുകയാണുണ്ടായത് (സിങ്, അനിത കുമാരി 2020). തീർച്ചയായും ഉയർന്ന വായ്പതോതിലേക്കാണ് ഇത് ഈ സംസ്ഥാനങ്ങളെ നയിക്കുക.

ജി എസ് ടി കുടിശ്ശിക വിതരണത്തിലെ കാലതാമസം നികത്തുന്നതിന് കേന്ദ്രം നൽകുന്ന വായ്പയുടെ പലിശയും സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ കനത്ത സമ്മർദ്ദത്തിന് കാരണമാകുമെന്നാണ്

***2020 –21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങളുടെ മൊത്തം ധനകമ്മി ജി ഡി പിയുടെ 2.8 ശതമാനം വരുമെന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ കോവിഡ് മൂലമുണ്ടായ പ്രതികൂല സാമ്പത്തിക സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പ്രകടമായി ഉയരുന്നതിന് സാധ്യതയുണ്ട്. കഴിഞ്ഞ ബജറ്റുകൾ പ്രകാരം നോക്കുമ്പോൾ സംസ്ഥാനങ്ങളുടെ ശരാശരി ധനക്കമ്മി 2.4 ശതമാനമാണ്. എന്നാൽ ഇത് 4.6 ശതമാനമായി ഉയരുമെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.***

വിലയിരുത്തൽ. മൂലധന ചെലവുകൾ ഉയർത്തുന്നതിനായി 2021 മാർച്ച് 31 നകം ചെലവഴിക്കുന്നതിനായി 12000 കോടി രൂപയുടെ പലിശരഹിത വായ്പ പദ്ധതി കേന്ദ്രം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന ബഡ്ജറ്റുകൾ അനുസരിച്ച് വേണ്ടി വരുന്ന 6. 5 ലക്ഷം കോടി രൂപയുടെ നാമമാത്രമായ ഒരു ഭാഗം മാത്രമാണ് ഇതെന്ന് റിസർവ് ബാങ്ക് പുറത്തു വിട്ട റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

■

(*കേരള ഇക്കോണമി*യുടെ കൺസൾട്ടിംഗ് എഡിറ്ററാണ് ലേഖകൻ)

**References**:

Reserve Bank of India 2020. *'State Finances: A Study of Budgets 2020-21'*, RBI, Mumbai. Available at https://www.rbi.org.in/ ScriptsAnnual Publications. aspx?head =State% 20Fin ances% 20:%20A%20 Study %20of%20 Budgets

Singh, R K and Anitha Kumary L (2020). "Kerala Economy:State of State Finances, Kerala Economy", October 2020, *GIFT, Thiruvananthapuram.*

കേരള ഇക്കോണമി
പുസ്തകം 1 ലക്കം 3 നവംബർ 2020





# കോവിഡ് കാലഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ധനസ്ഥിതി : ഒരു താരതമ്യ പഠനം

എൽ. അനിതകുമാരി, പാർമ ചക്രവർത്തി

നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഇടിവ് പത്തു ശതമാനത്തിൽ കൂടുതലാകുമെന്നാണ് വിവിധ റേറ്റിംഗ് ഏജൻസികളുടെ അനുമാനക്കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കോവിഡ് മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗണും സാമൂഹ്യ അകലം പാലിക്കുന്നതും സാമ്പത്തിക പ്രവർത്തനങ്ങളെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ ഇത് സങ്കീർണ്ണമായ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്നു എന്നുതന്നെ പറയാം. സി എ ജി റിപോർട്ടുകൾ പ്രകാരമുള്ള സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രതിമാസ കണക്കുകൾ വിശകലനം ചെയ്യുമ്പോൾ കേരളത്തിനും തമിഴ്നാടിനും റവന്യു വരുമാനം ഒരുപോലെ ഗൗരവമാർന്ന ഒരു വിഷയമായി മാറിയിരിക്കുന്നതായി കാണാം (സിങ്, അനിതകുമാരി - 2020). കോവിഡിന്റെ സാഹചര്യത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ അവലോകനമാണ് ഈ ലേഖനം ലക്ഷ്യമിടുന്നത്. 2019, 2020 എന്നീ വർഷങ്ങളിലെ ഒന്നാം പാദത്തിലെ കണക്കുകളാണ് ഇതിനായി അവലോകനം ചെയ്യുന്നത്.

## ചെലവിന്റെ ഘടന

റവന്യു ചെലവുകളും മൂലധന ചെലവുകളും ഉൾപ്പെടുന്ന മൊത്തം ചെലവ് 2019ലെ ഒന്നാം പാദവുമായി താരതമ്യം ചെയ്യുമ്പോൾ 2020ലെ ഇതേ പാദത്തിൽ കേരളം, ആന്ധ്ര പ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ വളർച്ച രേഖപെടുത്തിയിട്ടുണ്ട്. എന്നാൽ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ തൽസ്ഥിതിയിൽ മാറ്റം ഉണ്ടായിട്ടില്ല. ഏറ്റവും ഉയർന്ന വർദ്ധനയായ 118 ശതമാനം രേഖപെടുത്തിയിരിക്കുന്നത് ആന്ധ്രാ പ്രദേശിന്റെ കാര്യത്തിലാണ്. തെലങ്കാന 33 ശതമാനവും കേരളം 16 ശതമാനവും വർധന രേഖപ്പെടുത്തി. പലിശ ഇനത്തിലുള്ള ചെലവുകൾ ആശങ്കാജനകമായ വിധത്തിൽ വർധിച്ചതാണ് ആന്ധ്രാപ്രദേശിന്റെ കാര്യത്തിൽ ഈ ഒരു സാഹചര്യം സൃഷ്ടിച്ചത്.

റവന്യു ചെലവിന്റെ കാര്യത്തിൽ പോസിറ്റീവ് വളർച്ചയാണ് പൊതുവെ ഈ സംസ്ഥാനങ്ങളിൽ കണ്ടത്. 113 ശതമാനം വർദ്ധനവോടെ ആന്ധ്രപ്രദേശ് തന്നെ ഇക്കാര്യത്തിലും ഒന്നാമതെത്തി. തെലങ്കാന 45 ശതമാനവും കേരളം 16 ശതമാനവും കർണാടക ആറ് ശതമാനവും തമിഴ്നാട് രണ്ടു ശതമാനവും വീതം വളർച്ച രേഖപ്പെടുത്തി. മൂലധനചെലവിന്റെ കാര്യമെടുത്താൽ ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നത് ആന്ധ്രാപ്രദേശാണ് (160 ശതമാനം). കേരളം 22 ശതമാനം വളർച്ച കൈവരിച്ചു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്

***കോവിഡ് കാലഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ചെലവഴിക്കലിന്റെ ഘടനയിൽ സാരമായ മാറ്റം ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ കാര്യമെടുത്താൽ സാമൂഹ്യക്ഷേമ പദ്ധതി ഇനത്തിലുള്ള ചെലവിൽ പ്രകടമായ വർധന കാണാം. സബ്സിഡികളുടെ കാര്യത്തിലാണ് ഏറ്റവും ഉയർന്ന വർദ്ധനവ് (67 ശതമാനം) രേഖപ്പെടുത്തിയിട്ടുള്ളത്.***

ബോർഡ് (കിഫ്ബി) വഴിയായുള്ള ബജറ്റിതര ചെലവുകൾ കൂടി പരിഗണിക്കുമ്പോൾ കേരളത്തിന്റെ യഥാർത്ഥ മൂലധന ചെലവിന്റെ വർധന ഏറെ കൂടുതലാണെന്ന് കാണാം. എന്നാൽ കർണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ യഥാക്രമം 57, 37, 32 ശതമാനം വീതം നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ചെലവിനങ്ങളുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മഹാമാരി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ കേരളം സ്വീകരിച്ച സാമ്പത്തിക നടപടികൾ ഏറെ മികച്ചതാണെന്ന് കാണാനാകും. റവന്യു ചെലവുകളുടെ കാര്യമെടുത്താൽ സബ്സിഡി ഇനത്തിൽ 67 ശതമാനം വർദ്ധനവോടെ കേരളം നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഒന്നാമതാണ്. 50 ശതമാനവുമായി തെലങ്കാന തൊട്ടടുത്തും 36 ശതമാനവുമായി ആന്ധ്രപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്.

കഴിഞ്ഞ വർഷത്തെ ആദ്യപാദമെടുത്താൽ സാമൂഹ്യ ക്ഷേമ രംഗത്തെ ഏറ്റവും കുറഞ്ഞ ചെലവാക്കൽ (30.5 ശതമാനം) കേരളത്തിലാണെന്ന് കാണാം. ഏറ്റവും കൂടുതൽ ആന്ധ്രപ്രദേശിലാണ് (59.5 ശതമാനം). എന്നാൽ പൊതുവായുള്ള ചെലവുകളുടെ കാര്യത്തിൽ 53.9 ശതമാനത്തോടെ കേരളമാണ് ഏറ്റവും മുന്നിൽ. ഏറ്റവും കുറവ്(17.8 ശതമാനം) ആന്ധ്രപ്രദേശിലാണ്. എന്നാൽ കോവിഡ് ഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ചെലവഴിക്കൽ പാറ്റേണിൽ കാതലായ മാറ്റം പ്രകടമാണ്. 2020ലെ ആദ്യപാദത്തിൽ 2019ലെ ഇതേ പാദവുമായി താരതമ്യം ചെയ്യുമ്പോൾ ആന്ധ്രപ്രദേശ് (9.4% പോയിന്റ്), തെലങ്കാന (0.1% പോയിന്റും) എന്നീ സംസ്ഥാനങ്ങളുടെ സാമൂഹ്യ ക്ഷേമ മേഖലയിലെ ചെലവ് കുറഞ്ഞതായി വ്യക്തമാകുന്നുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഇക്കാര്യത്തിൽ വളർച്ചയാണ് ഉണ്ടായത്. കേരളം 10.8% പോയിന്റ് വർദ്ധന കാണിച്ചു. കർണാടക 10% പോയിന്റും തമിഴ്നാട് 2% പോയിന്റും നേട്ടം കൈവരിച്ചു. ഇതിൽ നിന്നും വ്യക്തമാകുന്നത് മൊത്തം ചെലവുകളിൽ സാമൂഹ്യക്ഷേമ രംഗത്തെ ചെലവിൽ കേരളം കൂടുതലെന്നാണ്. കേരളത്തിന്റെ ചെലവുകളിൽ കണ്ട ഒരു പ്രത്യേകത, പൊതു ചെലവുകളിൽ (ജനറൽ സെക്ടറുകൾ) കഴിഞ്ഞ വർഷത്തെ ആദ്യപാദത്തെ അപേക്ഷിച്ച് പ്രകടമായ കുറവു രേഖപ്പെടുത്തി എന്നുള്ളതാണ്. (53.9 ശതമാനത്തിൽ നിന്ന് 40.5 ശതമാനമായി കുറഞ്ഞു.) ഇതിൽ നിന്നും വ്യക്തമാകുന്നത് സാമൂഹ്യക്ഷേമ രംഗത്തെ ചെലവുകൾ ഉയർത്തി മറ്റു ഭരണപരമായ ചെലവുകളിൽ കുറവുവരുത്തി കോവിഡ് കാലത്ത് ജനങ്ങൾക്ക് കൂടുതൽ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തി എന്നാണ്.

### റവന്യു വളർച്ചയുടെ ഘടന

റവന്യു വരുമാനവും മൂലധന വരുമാനവും ഉൾപ്പെടുന്നതാണ് സംസ്ഥാനങ്ങളുടെ മൊത്തം റവന്യു വരുമാനം. വായ്പകൾ, മറ്റു ബാധ്യതകൾ, വായ്പ, അഡ്വാൻസുകൾ എന്നിവയുടെ തിരിച്ചടവ്, മറ്റു വരുമാനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ് മൂലധന വരുമാനം. സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്ര നികുതി ഇനങ്ങളിലെ സംസ്ഥാന

**Table 1.** Composition of expenditure during Q1:2020 and Q1:2019 ( %)

| Year | Q1 2020 | | | | | Q1 2019 | | | | |
|---|---|---|---|---|---|---|---|---|---|---|
| States | Andhra Pradesh | Karna taka | Kerala | Tamil Nadu | Telan gana | Andhra Pradesh | Karna taka | Kerala | Tamil Nadu | Telan gana |
| General Sector | 24.1 | 30.1 | 40.5 | 41.3 | 23.1 | 17.8 | 29.1 | 53.9 | 41.7 | 24.0 |
| Social Sector | 50.1 | 47.6 | 41.4 | 37.7 | 34.1 | 59.5 | 37.6 | 30.5 | 35.8 | 34.1 |
| Economic Sector | 25.9 | 22.3 | 18.1 | 20.9 | 42.8 | 22.7 | 33.3 | 15.6 | 22.6 | 41.9 |

Source: Computed from C&AG (2020)

Note : General services include mainly expenditures on organs of State, fiscal services, interest payment and servicing of debt, administrative services and pension. Social services include mainly expenditures on education, health and family welfare, water supply, sanitation, housing and urban development, labour and employment, social security and nutrition. Economic Services includes mainly expenditures on, agriculture and allied services, rural development irrigation and flood control, energy, industry and minerals, transport, communications, science, technology and environment and general economic services

**Table 2.**Growth in total receipts and its major components ( %)

| States | Total Receipts (1+2) | Revenue Receipts (1) | Own Tax Revenue | Own Non-Tax Revenue | Capital Receipts (2) | Borrowings & Other Liabilities |
|---|---|---|---|---|---|---|
| Andhra Pradesh | 117.5 | 34.8 | -20.1 | -29.1 | 255.8 | 256.4 |
| Karnataka | -0.8 | -23.9 | -40.1 | -26.4 | -691.2 | -678.0 |
| Kerala | 17.1 | -30.0 | -55.8 | -74.7 | 112.1 | 112.9 |
| Tamil Nadu | 0.3 | -23.2 | -51.2 | -42.9 | 87.0 | 89.4 |
| Telangana | 27.8 | -22.6 | -38.0 | -23.1 | 179.1 | 179.6 |


Source: Computed from C&AG(2020)

***തനതു നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും ഇടിവ് ഉണ്ടായിട്ടുണ്ടെങ്കിലും, റവന്യു ചെലവിന്റെ കാര്യത്തിൽ പോസിറ്റീവായ വളർച്ചയാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ രേഖപ്പെടുത്തിയത്. എന്നാൽ കേരളവും ആന്ധ്രപ്രദേശും മാത്രമാണ് മൂലധന ചെലവുകളുടെ കാര്യത്തിൽ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തിയിട്ടുള്ളത്.***

വിഹിതം, കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റുകളും മറ്റു സഹായങ്ങളും ഉൾപ്പെടുന്ന സംസ്ഥാനങ്ങളുടെ റവന്യു വരുമാനം കുറഞ്ഞതായി കാണാം. ഇക്കാര്യത്തിൽ ആന്ധ്രപ്രദേശ് മാത്രമാണ് ഒരു അപവാദം, (34.8 ശതമാനം). (പട്ടിക - 1). 2019 ആദ്യപാദവുമായി താരതമ്യം ചെയ്യുമ്പോൾ 2020 ലെ ആദ്യപാദത്തിൽ തനത് നികുതിയുടെ കാര്യത്തിലും നികുതിയേതര വരുമാനത്തിലും കാര്യമായ ഇടിവാണ് സംഭവിച്ചിരിക്കുന്നത്. ഇക്കാര്യ ത്തിൽ ഏറ്റവും ഭീമമായ കുറവ് സംഭവിച്ചിരിക്കുന്നത് കേരളത്തിന്റെ കാര്യത്തിലാണ്.

ആന്ധ്രപ്രദേശ് എടുക്കുമ്പോൾ തനത് നികുതി വരുമാനം കുറഞ്ഞു. എന്നാൽ കേന്ദ്ര നികുതി വിഹിതത്തിന്റെയും ഗ്രാന്റു കളുടെയും പിൻബലത്തിൽ മൊത്തം റവന്യു വരുമാനത്തിൽ പോസിറ്റീവായ വളർച്ച രേഖപെടുത്തിയിരിക്കുന്നതായി കാണാം. രണ്ടു സംസ്ഥാനങ്ങൾ മാത്രമാണ് കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യത്തിൽ വളർച്ച കൈവരിച്ചത്. ആന്ധ്രപ്രദേശും തെലങ്കാനയുമാണ് അത്. എന്നാൽ കേരളവും കർണാടകയും 28 ശതമാനം വീതവും തമിഴ്നാട് 26 ശതമാനവും നെഗറ്റീവ് വളർച്ചയാണ് ഇക്കാര്യത്തിൽ രേഖപ്പെടുത്തിയത്. ലോക്ക് ഡൗണിന്റെ ആഘാതം ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങളുടെ തനത് വരുമാനത്തിൽ ഇപ്പോഴും തുടരുകയാണ്. ഇത് ഈ സംസ്ഥാനങ്ങളുടെ വായ്പയെടുക്കുന്നതിന്റെ തോതിൽ വലിയ വർധന ഉണ്ടാക്കിയിട്ടുണ്ട്. കർണാടക ത്തിന്റെ കടമെടുപ്പ് 478 ശതമാനവും ആന്ധ്രപ്രദേശിന്റേത് 256 ശതമാനവും

**Figure 1.** Growth in deficit indicators in southern states in Q1 2020 over 2019 ( %)




Source: Computed from C&AG (2020)

***തമിഴ്നാട് ഒഴികെയുള്ള എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെയും റവന്യൂ, ധനകമ്മി 100 ശതമാനത്തിന് മുകളിൽ ഉയർന്നു. (തമിഴ്നാടിന്റെ ധനക്കമ്മി 89 ശതമാനമാണ്.) അതുകൊണ്ട് കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ വായ്പയെടുക്കുന്നതിന്റെ തോത് കുതിച്ചുയർന്നതായി കാണാം. എന്നാൽ നടപ്പ് വർഷത്തിന്റെ ഒന്നാം പാദത്തിൽ ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ട അവസ്ഥയിലാണ്.***

തെലങ്കാനയുടെ 180 ശതമാനവും കേരളം 113 ശതമാനവും തമിഴ്നാടിന്റേത് 89 ശതമാനവും കണ്ട് വർധിച്ചിരിക്കുകയാണ്.

**ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കമ്മി**


കമ്മി സൂചകങ്ങളുടെ താരതമ്യ വിശകലനം നടത്തുമ്പോൾ തമിഴ്നാട് ഒഴികെ മറ്റു സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി 100 ശതമാനത്തിന് മുകളിൽ വർധിച്ചതായി കാണാൻ കഴിയും ( ഫിഗർ –1 ). കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യമെടുത്താൽ റവന്യൂ കമ്മി 200 ശതമാനത്തിനും മുകളിലാണ്. എന്നാൽ തമിഴ്നാടിന്റെ കാര്യത്തിൽ ഇത് 89 ശതമാനം മാത്രമാണ്.

റവന്യൂ കമ്മി, ധനക്കമ്മി എന്നിവയിലെ കുത്തനെയുള്ള വർധനയും ഇതുമൂലം കടമെടുപ്പിൽ ഉണ്ടായിരിക്കുന്ന വളർച്ചയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ധന കാര്യ സ്ഥിതിയുടെ കോവിഡ് കാലത്തെ പ്രത്യേകതയായി വിലയിരുത്താൻ കഴിയും. എന്നാൽ കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ കേരളത്തിന്റെ നില ഭേദമാണെന്ന് കാണാവുന്നതാണ്.

**കേരളത്തിന്റെ ധനസ്ഥിതി–ഏറ്റവും പുതിയ വിവരങ്ങൾ**

2019 ആഗസ്റ്റ് മുതൽ ഈ വർഷം ആഗസ്റ്റ് വരെയുള്ള കേരളത്തിന്റെ ചെലവുകൾ

**Figure 2**. Revenue growth in Kerala between Apr-Aug 2020 and Apr-Aug 2019 ( %)




Source: Computed from C&AG(2020)

***കേരളത്തിന്റെ ധനസ്ഥിതി അവലോകനം ചെയ്യുമ്പോൾ ഏപ്രിൽ - ആഗസ്റ്റ് കാലയളവിൽ സബ്സിഡി ചെലവുകൾ കുത്തനെ ഉയർന്നതായി (259 ശതമാനം) കാണാം. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ജനക്ഷേമത്തിനായി സർക്കാർ നടത്തി വരുന്ന കൃത്യമായ ഇടപെടലിന്റെ നിദർശനമായി ഇതിനെ വിലയിരുത്താനാകും.***

പരിശോധിക്കുമ്പോൾ (പട്ടിക എ യിൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു) മൊത്തം സർക്കാർ ചെലവ് 15 ശതമാനം കണ്ട് ഉയർന്നിട്ടുണ്ട്. റവന്യു ചെലവിൽ 14 ശതമാനവും മൂലധന ചെലവിൽ 28 ശതമാനവും വർധനയാണ് രേഖപെടുത്തി യിരിക്കുന്നത്. റവന്യൂ ചെലവിനത്തിൽ സബ്ഡിഡി ഇനത്തിലുള്ള ചെലവുകൾ 259 ശതമാനം കൂടിയപ്പോൾ മറ്റു റവന്യു ചെലവുകൾ 36 ശതമാനവും പലിശ ഇനത്തിലുള്ള ചെലവുകൾ ഏഴു ശതമാ നവും കണ്ടാണ് വർധിച്ചിരിക്കുന്നത്. മേഖല തിരിച്ചുള്ള കണക്കുകൾ നോക്കുമ്പോൾ സാമൂഹ്യ ക്ഷേമ ചെലവിനത്തിലെ വർധന 36 ശതമാനവും സാമ്പത്തിക ചെലവിൽ വർധന 56 ശതമാനവുമാണ്. എന്നാൽ പൊതുചെലവുകളിൽ 12 ശതമാനം ഇടിവാണുണ്ടായിരിക്കുന്നത്. ഗ്രാൻഡ് ഇനങ്ങളിലുള്ള വരവ് 189.2 ശതമാനം വർധിച്ചതായും കാണാൻ കഴിയും. സബ് സിഡി ചെലവിൽ കാര്യമായ വളർച്ച ഉണ്ടായത് കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ജനക്ഷേമത്തിനായി സർക്കാർ നടത്തി വരുന്ന കൃത്യമായ ഇടപെടലിന്റെ നിദർശനമായി ഇതിനെ വിലയിരുത്താനാകും.

സാമ്പത്തിക പ്രവർത്തനങ്ങളിൽ കാര്യമായ തോതിലുള്ള ഇടിവുണ്ടായിരിക്കുന്നത് സംസ്ഥാനത്തിന്റെ റവന്യു നഷ്ടത്തിൽ പ്രകടമായി പ്രതിഫലിക്കുന്നുണ്ട്. ഫിഗർ രണ്ടിൽ ഇത് കൃത്യമായി രേഖപെടുത്തി യിരിക്കുന്നു. തനത് നികുതി വരുമാനത്തിൽ 38 ശതമാനത്തിന്റെയും തനത് നികുതിയേ തര വരുമാനത്തിൽ 78 ശതമാനത്തിന്റെയും കുറവ് കാണാം. ഇതുമൂലം 2019 ഏപ്രിൽ - ആഗസ്റ്റ് ഘട്ടത്തെ അപേക്ഷിച്ച് 2020 ഏപ്രിൽ-ആഗസ്റ്റ് ഘട്ടത്തിൽ റവന്യു വരുമാനം 23 ശതമാനം കുറഞ്ഞപ്പോൾ കടമെടുപ്പ് 109 ശതമാനം കണ്ട് കൂടുകയാണുണ്ടായത്. (ഫിഗർ-2).

**കമ്മിയുടെ സ്ഥിതി**

2020 ഏപ്രിൽ - ആഗസ്റ്റ് കാലഘട്ടത്തിലെ കണക്കുകൾ അനുസരിച്ച് റവന്യു കമ്മി 25759 കോടി രൂപയും ധനകമ്മി 31008.2 കോടിയുമാണ്. ഇവ 2019 ഏപ്രിൽ - ആഗസ്റ്റ് ഘട്ടത്തെ അപേക്ഷിച്ച് യഥാക്രമം 128 ശതമാനവും 109 ശതമാനവുമാണ് കൂടിയത്. (അനുബന്ധം - പട്ടിക എ). സബ്സിഡി അടക്കമുള്ള സാമൂഹ്യ, സാമ്പത്തിക ചെലവുകളിൽ ഉണ്ടായ ഗണ്യമായ വർധനവും നികുതി, നികുതിയേതര വരുമാനത്തിൽ ഉണ്ടായ ഇടിവും കമ്മിക ളിലും കടമെടുക്കുന്നതിന്റെ തോതിലും വൻതോതിലുള്ള ഉയർച്ചക്ക് കാരണമാ യിട്ടുണ്ട്.

■

(എൽ. അനിതകുമാരി, അസോസിയേറ്റ് പ്രൊഫസർ, പാർമ ചക്രവർത്തി, അസിസ്റ്റന്റ് പ്രൊഫസർ, ഗിഫ്റ്റ്)

## References

Singh, R K and Anitha Kumary L (2020). "Kerala Economy:State of State Finances, Kerala Economy", October 2020, *GIFT, Thiruvananthapuram.*

Comptroller and Auditor General of India (2020). "State Accounts: Monthly Key Indicators." Available at https://cag.gov.in/en/state-accounts-report.

**Appendix A**

**TableA.** State finances in Kerala: April-August 2020 and April-August 2019 (Rs. Crore)

| Sl. No. | Description | Actuals upto August 2020 | Actuals upto August 2019 | Growth (per cent) |
|---|---|---|---|---|
| 1 | Revenue Receipts | 26203.5 | 34251.4 | -23.5 |
| a) | Tax Revenue | 16504.1 | 26675.0 | -38.1 |
| (b) | Non-Tax Revenue | 793.9 | 4497.1 | -82.3 |
| (c) | Grant-in-Aid and contributions | 8905.5 | 3079.4 | 189.2 |
| 2 | Capital Receipts | 31107.2 | 15260.5 | 103.8 |
| (a) | Recovery of Loans &Advs | 92.8 | 431.2 | -78.5 |
| (b) | Other Receipts | 6.2 | 7.5 | -16.6 |
| (c) | Borrowings & Other Liabilities | 31008.2 | 14821.9 | 109.2 |
| 3 | Total Receipts | 57310.7 | 49511.9 | 15.8 |
| 4 | Revenue Expenditure (a+b+c+d+e) | 51962.5 | 45550.0 | 14.1 |
| (a) | Expenditure on Revenue Account (excluding (b),(c),(d)&,(e) | 20636.1 | 15195.7 | 35.8 |
| (b) | Expenditure on Interest Payment | 7115.3 | 6654.2 | 6.9 |
| (c) | Expenditure on salaries and wages | 13364.7 | 14333.5 | -6.8 |
| (d) | Expenditure on Pension | 8444.7 | 8696.8 | -2.9 |
| (e) | Expenditure on Subsidy | 2401.7 | 669.8 | 258.6 |
| 5 | Capital Expenditure(a+b) | 4297.3 | 3353.4 | 28.1 |
| (a) | Expenditure on Capital account (excluding (b) | 4256.9 | 3307.0 | 28.7 |
| (b) | Expenditure on salaries and wages | 40.4 | 46.5 | -13.1 |
| 6. | Sector wise Expenditure (i+ii+iii) | 53034.8 | 46838.4 | 13.2 |
| (i) | General Sector | 21990.4 | 25095.7 | -12.4 |
| (ii) | Social Sector | 19930.8 | 14609.6 | 36.4 |
| (iii) | Economic Sector | 11113.5 | 7133.1 | 55.8 |
| 7. | Total Expenditure | 56259.7 | 48903.4 | 15.0 |
| 8. | Loans and Advances | 1050.9 | 608.6 | 72.7 |
| 9. | Revenue Surpuls(+)/Deficit(-)(1-4) | -25759.0 | -11298.5 | 128.0 |
| 10 | Fiscal Surplus (+)/Deficit(-) [9+2(a)+2(b)-5-8] | -31008.2 | -14821.9 | 109.2 |
| 11. | Primary Deficit(-)/Surplus(+) [10+4(b)] | -23892.9 | -8167.7 | 192.5 |

Source: Computed from C&AG (2020)

**ടാക്സ് മോണിറ്റർ**

# സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനവും കേരളവും

എൻ. രാമലിംഗം, സന്തോഷ്കുമാർ ഡാഷ്

**ഈ** വർഷം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ജി എസ് ടി റവന്യു സമാഹരണത്തെ കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ നിന്നുമുള്ള സാമ്പത്തിക മേഖലയുടെ തിരിച്ചുവരവിന്റെ സൂചനയായി പലപ്പോഴും ഉയർത്തി കാട്ടാറുണ്ടെങ്കിലും, സംസ്ഥാനങ്ങൾ അപകട ഘട്ടം പിന്നിട്ടു എന്ന് വിലയിരുത്താൻ കഴിയില്ല. രണ്ടു ത്രൈമാസങ്ങളിലെ (2020 മാർച്ച് – ആഗസ്റ്റ്) വരുമാനനഷ്ടം കേവലം രണ്ടു മാസത്തെ നേരിയ നേട്ടം കൊണ്ട് നികത്താൻ കഴിയില്ല എന്നതാണ് ഇതിന് ആസ്പദമായ കാരണം. 'ഒരു രാജ്യം ഒറ്റ നികുതി' എന്നതാണ് ജി എസ് ടി നികുതി സമ്പ്രദായത്തിന്റെ കേന്ദ്ര മുദ്രവാക്യമായി പറയുന്നതെങ്കിലും, സാമ്പത്തിക മേഖലയുടെ തിരിച്ചു വരവിന്റെ കാര്യത്തിലും വരുമാനത്തിലെ നഷ്ടത്തിന്റെ കാര്യത്തിലും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമിടയിൽ കാര്യമായ വൈജാത്യം കാണാൻ കഴിയും. വരുമാനത്തിലെ അന്തരം, ജനസംഖ്യ, പ്രതിശീർഷ ജി എസ് ടി തുടങ്ങിയ കാര്യങ്ങളിലെ വ്യത്യാസമാണ് ഇതിന് പ്രധാന കാരണം. ജി എസ് ടി വരുമാനത്തിലെ സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരമാണ് ഈ ലേഖനം വിശകലനം ചെയ്യുന്നത്.

***ഏറ്റവും ഉയർന്ന സ്ഥാനങ്ങളിൽ വരുന്ന അഞ്ചു സംസ്ഥാനങ്ങളാണ് ജി എസ് ടി വരുമാനത്തിന്റെ 50 ശതമാനം സംഭാവന നൽകുന്നത്. നാലു ശതമാനം വിഹിതമുള്ള കേരളം ഇക്കാര്യത്തിൽ പത്താം സ്ഥാനത്ത് നിലകൊള്ളുന്നു.***

ഇതിനാവശ്യമായ 2019, 2020 എന്നീ വർഷങ്ങളിലെ മാർച്ച് മുതൽ ആഗസ്റ്റ് വരെയുള്ള വിവരങ്ങൾ ജി എസ് ടി വെബ്സൈറ്റിൽ നിന്നുമാണ് ശേഖരിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളിലെ ജനസംഖ്യ കണക്കുകളെ (2011 ലെ സെൻസസ്) അടിസ്ഥാനപ്പെടുത്തി പ്രതിശീർഷ ശരാശരി ജി എസ് ടി കണക്കാക്കിയിരിക്കുന്നു. എസ് ജി എസ് ടി (സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ്) , ഐ ജി എസ് ടി (ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ്) എന്നിവയുടെ സെറ്റിൽമെന്റ് തുകയാണ് സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ജി എസ് ടി വരുമാന കണക്കിന്റെ വിശകലനത്തിനായി ഈ ലേഖനം എടുത്തിരിക്കുന്നത്. ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ജി എസ് ടി വിഹിതം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

### സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനം

കോവിഡ് മഹാമാരിക്ക് മുൻപും മഹാമാരിയുടെ ഘട്ടത്തിലും, കേന്ദ്ര

ഭരണപ്രദേശമായ പുതുശ്ശേരി ഉൾപ്പടെയുള്ള 30 സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിന്റെ കണക്കാണ് പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നത്. 2019 മാർച്ച് മുതൽ ആഗസ്റ്റ് വരെയുള്ള ഘട്ടമാണ് കോവിഡിന് മുൻപുള്ള ഘട്ടം എന്ന് വിവക്ഷിക്കുന്നത്. 2020 ലെ ഇതേ മാസങ്ങളെയാണ് കോവിഡിന്റെ ഘട്ടമെന്ന് വിവക്ഷിക്കുന്നത്. മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർ പ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നീ അഞ്ചു സംസ്ഥാനങ്ങളുടെ ജി എസ് ടി വിഹിതം മൊത്തം സംസ്ഥാന ജി എസ് ടി വരവിന്റെ 50 ശതമാനം വരും. കോവിഡിന് മുൻപുള്ള ഘട്ടത്തിലും കോവിഡ് ഘട്ടത്തിലും ഇതേ അനുപാതം തന്നെയാണ് കാണുന്നത്. ഇത് ജി ഡി പിയുടെ കാര്യത്തിൽ ഈ സംസ്ഥാനങ്ങളുടെ പങ്കാളിത്തവുമായി ചേർന്ന് പോകുന്നതുമാണ്. 2018-19 വർഷത്തെ മൊത്തം ജി ഡി പി യുടെ 47.9 ശതമാനവും ഈ സംസ്ഥാനങ്ങളുടെ സംഭാവനയാണ്. അതുപോലെ ഉപഭോക്താക്കൾ എന്ന നിലയിൽ ജനസംഖ്യയുടെ 42.3 ശതമാനം പങ്കാളിത്തവും ഈ സംസ്ഥാനങ്ങൾക്കാണ്. അതായത് ഈ സംസ്ഥാനങ്ങളിലെ ശരാശരി ഒരു ശതമാനം ജനങ്ങൾ നികുതി വരവിന്റെ ശരാശരി 1.17 ശതമാനം വീതം നൽകുന്നു എന്ന് സാരം.

പശ്ചിമ ബംഗാൾ, തെലങ്കാന, രാജസ്ഥാൻ, ആന്ധ്രപ്രദേശ്, കേരളം എന്നീ അഞ്ചു സംസ്ഥാനങ്ങളുടെ കാര്യമെടുക്കുമ്പോൾ മൊത്തം ജി എസ് ടി വരവിന്റെ 22.6 ശതമാനമാണ് സംഭാവന. ജി ഡി പിയിലും ജനസംഖ്യയിലുമുള്ള അനുപാതം കണക്കിലെടുക്കുമ്പോൾ ഇത് യഥാക്രമം 23 ശതമാനവും 22.6 ശതമാനവുമാണെന്ന് കാണാം. ഈ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ജി എസ് ടി വരുമാനം ജി ഡി പിയിലെ വിഹിതവുമായി ചേർന്ന് പോകുന്നതായി ചൂണ്ടികാണിക്കാൻ കഴിയും. അതായത് ജനസംഖ്യയുടെ ഒരു ശതമാനം ജി എസ് ടി വരുമാനത്തിന്റെ ഏകദേശം ഒരു ശതമാനം സംഭാവന ചെയ്യുന്നു എന്ന് കണക്കാക്കാം.

ഈ ശ്രേണിയിൽ ഉൾപ്പെടുന്ന കേരളം ഇക്കാര്യത്തിൽ പത്താം സ്ഥാനത്ത് നിലകൊള്ളുന്നു. സംസ്ഥാന ശരാശരിയുടെ കണക്കിൽ കേരളം മറ്റു നാല് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. കേരളത്തിലെ ഒരു ശതമാനം ജനങ്ങൾ ജി എസ് ടി വരുമാനത്തിന്റെ 1.4 ശതമാനം സംഭാവന നൽകുന്നുണ്ട്.

11 മുതൽ 20 വരെയുള്ള സ്ഥാനങ്ങളിൽ വരുന്ന സംസ്ഥാനങ്ങളിൽ 32.5 ശതമാനം ജനങ്ങൾ ജി എസ് ടി വരുമാനത്തിന്റെ 25.5 ശതമാനം നൽകുമ്പോൾ അത് ജി ഡി പിയുടെ 26.3 ശതമാനമാകുന്നു. മധ്യപ്രദേശ്, ഡൽഹി, ഹരിയാന, ബീഹാർ, ഒഡിഷ, പഞ്ചാബ്, അസം, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ് എന്നിവയാണ് ഈ സംസ്ഥാനങ്ങൾ. അതായത് ഈ സംസ്ഥാനങ്ങളിൽ ജനസംഖ്യയുടെ ഓരോ ശതമാനവും നൽകുന്ന ജി എസ് ടി വിഹിതം 0.79 ശതമാനമാണെന്ന് കാണാം. പ്രതിശീർഷ നികുതി വരുമാനത്തിന്റെ കുറഞ്ഞ തോതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

ഹിമാചൽ പ്രദേശ്, ഗോവ, ത്രിപുര, മേഘാലയ, മണിപ്പൂർ, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മിസോറാം, സിക്കിം, പുതുശേരി എന്നീ സംസ്ഥാനങ്ങളാണ് ജി എസ് ടി വരുമാന കാര്യത്തിൽ അവസാന പത്തു സ്ഥാനങ്ങളിൽ വരുന്നത്. രണ്ടു ശതമാനം ജനസംഖ്യ വിഹിതമുള്ള, ജി ഡി പിയുടെ 2.5 ശതമാനം സംഭാവന ചെയ്യുന്ന സംസ്ഥാനങ്ങളുടെ ജി എസ് ടി റവന്യു വിഹിതം 2.2 ശതമാനമാണെന്ന് കാണാം. ഉയർന്ന പ്രതിശീർഷ നികുതി വരുമാനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരം സംസ്ഥാനങ്ങളിലെ ജനങ്ങളുടെ ഓരോ ശതമാനവും ജി എസ് ടി വരുമാനത്തിന്റെ 1.10 ശതമാനം വീതം സംഭാവന നൽകുന്നു. സാമ്പത്തികമായി പിന്നോക്കാ

**Table 1**. Pre-COVID and COVID period GST revenue

| No. | State/UT* | Share in GDP (per cent) | Mar - Aug 2019 | | Mar - Aug 2020 | | Revenue Loss (per cent) |
|---|---|---|---|---|---|---|---|
| | | | Revenu (Rs. Crore) | Share (per cent) | Revenu (Rs. Crore) | Share (per cent) | |
| 1 | Maharashtra (MH) | 14.58 | 40131.5 | 16.3 | 28192.9 | 15.8 | -29.7 |
| 2 | Uttar Pradesh (UP) | 8.14 | 23418.3 | 9.5 | 16904.0 | 9.5 | -27.8 |
| 3 | Tamil Nadu (TN) | 8.69 | 20581.2 | 8.4 | 13760.2 | 7.7 | -33.1 |
| 4 | Karnataka (KA) | 8.04 | 20468.6 | 8.3 | 16276.7 | 9.1 | -20.5 |
| 5 | Gujarat (GJ) | 8.49 | 17570.8 | 7.1 | 12080.5 | 6.8 | -31.2 |
| 6 | West Bengal (WB) | 5.29 | 13334.9 | 5.4 | 9258.4 | 5.2 | -30.6 |
| 7 | Telangana (TS) | 4.38 | 11558.3 | 4.7 | 8759.5 | 4.9 | -24.2 |
| 8 | Rajasthan (RJ) | 4.85 | 10980.9 | 4.5 | 8102.5 | 4.5 | -26.2 |
| 9 | Andhra Pradesh (AP) | 4.44 | 9996.7 | 4.1 | 7435.7 | 4.2 | -25.6 |
| 10 | Kerala (KL) | 4.00 | 9837.2 | 4.0 | 6523.0 | 3.7 | -33.7 |
| 11 | Madhya Pradesh (MP) | 3.73 | 9640.7 | 3.9 | 6901.3 | 3.9 | -28.4 |
| 12 | Delhi (DL) | 4.22 | 9142.0 | 3.7 | 6541.2 | 3.7 | -28.4 |
| 13 | Haryana (HR) | 3.80 | 8947.4 | 3.6 | 6852.7 | 3.8 | -23.4 |
| 14 | Bihar (BR) | 2.69 | 7767.2 | 3.2 | 6036.5 | 3.4 | -22.3 |
| 15 | Odisha (OR) | 2.73 | 6463.2 | 2.6 | 5550.9 | 3.1 | -14.1 |
| 16 | Punjab (PB) | 2.84 | 6199.2 | 2.5 | 4643.4 | 2.6 | -25.1 |
| 17 | Assam (AS) | 1.67 | 4247.0 | 1.7 | 2959.2 | 1.7 | -30.3 |
| 18 | Jharkhand (JH) | 1.61 | 4040.4 | 1.6 | 2894.9 | 1.6 | -28.4 |
| 19 | Chhattisgarh (CT) | 1.65 | 3873.6 | 1.6 | 3059.4 | 1.7 | -21.0 |
| 20 | Uttarakhand (UK) | 1.38 | 2517.5 | 1.0 | 1638.1 | 0.9 | -34.9 |
| 21 | Himachal Pradesh (HP) | 0.84 | 1662.2 | 0.7 | 1275.1 | 0.7 | -23.3 |
| 22 | Goa (GA) | 0.45 | 1112.4 | 0.5 | 694.7 | 0.4 | -37.6 |
| 23 | Tripura (TR) | 0.26 | 510.9 | 0.2 | 408.5 | 0.2 | -20.0 |
| 24 | Meghalaya (ML) | 0.18 | 441.5 | 0.2 | 267.9 | 0.2 | -39.3 |
| 25 | Manipur (MN) | 0.14 | 395.5 | 0.2 | 274.3 | 0.2 | -30.7 |
| 26 | Arunachal Pradesh (AP) | 0.12 | 379.0 | 0.2 | 307.5 | 0.2 | -18.9 |
| 27 | Nagaland (NL) | 0.13 | 291.2 | 0.1 | 237.5 | 0.1 | -18.4 |
| 28 | Mizoram (MZ) | 0.10 | 261.1 | 0.1 | 197.6 | 0.1 | -24.3 |
| 29 | Sikkim (SK) | 0.13 | 243.6 | 0.1 | 153.2 | 0.1 | -37.1 |
| 30 | Puducherry (PY) | 0.17 | 154.6 | 0.1 | 106.4 | 0.1 | -31.2 |
| | Total | 100 | 246168.4 | 100.0 | 178293.5 | 100.0 | -27.6 |

*Source*: Authors' calculation based on data extracted from www.gst.gov.in
* Data of Jammu and Kashmir, Dama and Diu, Dadra and Nagar Haveli, Lakshadweep, Andaman and Nicobar Island, Ladakh, Other Territory, and CBIC are not taken

**Table 2**. Pre-COVID and COVID period percapita GST revenue

| No. | State/UT* | Pop. Share | Mar - Aug 2019 | | Mar - Aug 2020 | |
|---|---|---|---|---|---|---|
| | | (per cent) | Revenu (Rs.) | Rank | Revenu (Rs.) | Rank |
| 1 | Goa (GA) | 0.1 | 7625 | 1 | 4761 | 1 |
| 2 | Delhi (DL) | 1.4 | 5446 | 2 | 3896 | 2 |
| 3 | Sikkim (SK) | 0.1 | 3987 | 3 | 2508 | 6 |
| 4 | Maharashtra (MH) | 9.4 | 3571 | 4 | 2509 | 5 |
| 5 | Haryana (HR) | 2.1 | 3529 | 5 | 2703 | 3 |
| 6 | Karnataka (KA) | 5.1 | 3350 | 6 | 2664 | 4 |
| 7 | Telangana (TS) | 2.9 | 3284 | 7 | 2489 | 7 |
| 8 | Kerala (KL) | 2.8 | 2945 | 8 | 1953 | 10 |
| 9 | Gujarat (GJ) | 5.1 | 2907 | 9 | 1999 | 9 |
| 10 | Tamil Nadu (TN) | 6.0 | 2853 | 10 | 1907 | 11 |
| 11 | Arunachal Pradesh (AP) | 0.1 | 2738 | 11 | 2221 | 8 |
| 12 | Uttarakhand (UK) | 0.8 | 2496 | 12 | 1624 | 15 |
| 13 | Himachal Pradesh (HP) | 0.6 | 2421 | 13 | 1857 | 12 |
| 14 | Mizoram (MZ) | 0.1 | 2380 | 14 | 1801 | 13 |
| 15 | Punjab (PB) | 2.3 | 2235 | 15 | 1674 | 14 |
| 16 | Andhra Pradesh (AP) | 4.1 | 2024 | 16 | 1506 | 16 |
| 17 | Rajasthan (RJ) | 5.7 | 1602 | 17 | 1182 | 20 |
| 18 | Odisha (OR) | 3.5 | 1540 | 18 | 1322 | 17 |
| 19 | Chhattisgarh (CT) | 2.1 | 1516 | 19 | 1198 | 19 |
| 20 | Meghalaya (ML) | 0.2 | 1488 | 20 | 903 | 26 |
| 21 | Nagaland (NL) | 0.2 | 1471 | 21 | 1200 | 18 |
| 22 | West Bengal (WB) | 7.6 | 1461 | 22 | 1014 | 22 |
| 23 | Tripura (TR) | 0.3 | 1391 | 23 | 1112 | 21 |
| 24 | Manipur (MN) | 0.2 | 1385 | 24 | 960 | 23 |
| 25 | Assam (AS) | 2.6 | 1361 | 25 | 948 | 25 |
| 26 | Madhya Pradesh (MP) | 6.1 | 1327 | 26 | 950 | 24 |
| 27 | Puducherry (PY) | 0.1 | 1239 | 27 | 853 | 28 |
| 28 | Jharkhand (JH) | 2.8 | 1225 | 28 | 878 | 27 |
| 29 | Uttar Pradesh (UP) | 16.7 | 1172 | 29 | 846 | 29 |
| 30 | Bihar (BR) | 8.7 | 746 | 30 | 580 | 30 |

*Source*: Authors' calculation based on data extracted from www.gst.gov.in

***കഴിഞ്ഞ ആറ് മാസത്തിനിടയിലെ ജി എസ് ടി വരുമാന നഷ്ടം കണക്കിലെടുക്കുമ്പോൾ ഏറ്റവും കനത്ത ആഘാതമുണ്ടായ സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. നാലു സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തേക്കാൾ ഉയർന്ന നഷ്ടം നേരിട്ടത്.***


വസ്ഥയിലാണെങ്കിലും ശരാശരി അനുപാതത്തേക്കാൾ കൂടുതലായി ഇവർ ജി എസ് ടി ഇനത്തിൽ നൽകുന്നു എന്ന് കണക്കാക്കാം.

തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, കേരളം, പുതുശേരി എന്നീ ആറ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെടുക്കുമ്പോൾ മൊത്തം ജനസംഖ്യയുടെ 21.1 ശതമാനം വരും. മൊത്തം ജി ഡി പിയിൽ 21 ശതമാനം പങ്കാളിത്തമുള്ള ഈ സംസ്ഥാനങ്ങൾ ജി എസ് ടി വരുമാനത്തിന്റെ 29.5 ശതമാനം സംഭാവന നൽകുന്നു.

**പ്രതിശീർഷ ജി എസ് ടി വരുമാനം**

പ്രതിശീർഷ ജി എസ് ടി വരവും അതനുസരിച്ചുള്ള സംസ്ഥാനങ്ങളുടെ റാങ്കിങ്ങും പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മൊത്തം ജനസംഖ്യയുടെ 0.12 ശതമാനം വരുന്ന ഗോവ, ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണെന്ന് കാണാം. 2019 മാർച്ച് മുതൽ ഏപ്രിൽ വരെയുള്ള ആറ് മാസക്കാലയളവിൽ ഓരോ ഗോവക്കാരനും 7625 രൂപ വീതം ജി എസ് ടി ഇനത്തിൽ നൽകിയിട്ടുണ്ട്. രണ്ടാം സ്ഥാനത്ത് ഡെൽഹിയാണെങ്കിലും ഡൽഹിയിലെ ഈ ശരാശരി വിഹിതം 5445 രൂപ മാത്രമാണ്. മൂന്ന് മുതൽ ഏഴു വരെയുള്ള സ്ഥാനങ്ങളിൽ വരുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് ഏകദേശം 3500 രൂപയാണ്. എട്ടു മുതൽ പതിനാറാം സ്ഥാനം വരെയുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് 2500 രൂപക്ക് മുകളിലാണ്. എട്ടാം സ്ഥാനത്തുള്ള കേരളത്തിന്റെ പ്രതിശീർഷ ശരാശരി ജി എസ് ടി 2944 രൂപയാണ്. അടുത്തതായി വരുന്ന 13 സംസ്ഥാനങ്ങളെടുക്കുമ്പോൾ ഇത് 1400 രൂപയാണ്. 746 രൂപയുമായി ഏറ്റവും താഴെ വരുന്നത് ബിഹാറാണ്. ആറ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കർണ്ണാടക ഒന്നാം സ്ഥാനത്തും തെലങ്കാന രണ്ടാം സ്ഥാനത്തും കേരളം മൂന്നാമതുമാണ്.

**Figure 1**. GST Revenue loss during Mar-Aug 2020 over Mar-Aug 2019 (%)




*Source: Authors' own calculation*

പ്രാഥമികമായി നോക്കുമ്പോൾ ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണെന്ന് കാണാൻ കഴിയും. ജി എസ് ടിയുടെ തലത്തിലുള്ള സവിശേഷത കൊണ്ടും വിദേശത്തു നിന്നുള്ള വരുമാനത്തെ ആധാരമാക്കിയുള്ള കേരളത്തിന്റെ ശക്തമായ ഉപഭോക്തൃ ശ്രംഖലയുമാണ് ഇതിന് അടിസ്ഥാനം. എന്നിരുന്നാലും കേരളം അതിന്റെ സാധ്യതകളുടെ അടുത്തെത്തുന്നില്ലെന്ന് വിശ്വസിക്കാൻ ന്യായങ്ങൾ പലതുണ്ട്. പ്രതിശീർഷ ഉപഭോഗത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് (നാഷണൽ സാമ്പിൾ സർവേ റൗണ്ട് 68). പക്ഷെ പ്രതിശീർഷ നികുതി വരുമാനമെടുക്കുമ്പോൾ സംസ്ഥാനത്തിന് എട്ടാം സ്ഥാനമേയുള്ളു.

**ജി എസ് ടി നഷ്ടം സംസ്ഥാനങ്ങളിലൂടെ**

കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തെ എപ്രകാരം ബാധിച്ചു എന്ന് വിശകലനം ചെയ്യുന്നതിനായി 2020 മാർച്ച് - ആഗസ്റ്റ് കാലയളവിനെ തൊട്ടു മുൻവർഷം ഇതേ കാലയളവുമായി താരതമ്യം ചെയ്യുകയാണ് ഇവിടെ. ജി എസ് ടി വരുമാന നഷ്ടം ഫിഗർ ഒന്നിലും പട്ടിക ഒന്നിലുമായി (അവസാന കോളം) ഉൾപ്പെടുത്തിയിരിക്കുന്നു. 30 സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലെ സ്ഥിതി അവലോകനം ചെയ്യുമ്പോൾ 2020 മാർച്ച്-ആഗസ്റ്റ് ഘട്ടത്തിൽ മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 27.6 ശതമാനം നികുതി നഷ്ടം ഉണ്ടായതായി കാണാം. മേഘാലയത്തിനാണ് ഏറ്റവും കനത്ത ആഘാതമുണ്ടായത്, 39.3 ശതമാനം. ഒഡിഷക്ക് 14.1 ശതമാനം നികുതി നഷ്ടമാണ് ഉണ്ടായത്. ഒന്ന് മുതൽ പത്തു വരെയും 21 മുതൽ 30 വരെയുമുള്ള റാങ്കുകളിൽ വരുന്ന സംസ്ഥാനങ്ങളുടെ ജി എസ് ടി നഷ്ടം 28 ശതമാനമാണ്. 11 മുതൽ 20 വരെയുള്ള റാങ്കുകളിൽ വരുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിൽ നഷ്ടം താരതമ്യേന കുറഞ്ഞ തോതിൽ 25.6 ശതമാനമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കർണ്ണാടകത്തിനാണ് ഏറ്റവും കുറവ് ജി എസ് ടി നഷ്ടം സംഭവിച്ചത്, 20.5 ശതമാനം. എന്നാൽ കേരളത്തിനാണ് ഏറ്റവും കനത്ത ആഘാതമേൽക്കേണ്ടി വന്നത്. സംസ്ഥാനത്തിന്റെ കാര്യത്തിൽ 33.7 ശതമാനം നികുതി നഷ്ടമാണ് മഹാമാരിയുടെ ഘട്ടത്തിൽ നേരിടേണ്ടി വന്നത്.

■

(എൻ. രാമലിംഗം, അസോസിയേറ്റ് പ്രഫസർ, ഗിഫ്റ്റ്, സന്തോഷ്കുമാർ ഡാഷ്, അസിസ്റ്റന്റ് പ്രഫസർ, ഗിഫ്റ്റ് )

**പ്രൈസ് മോണിറ്റർ**

# ഏലത്തിന് തിരിച്ചടിയായി കോവിഡ്, തേയില വിപണിയിൽ മുന്നേറ്റം

ഡി . നാരായണ, ഷഗിഷ്ണ കെ

സുഗന്ധ വ്യഞ്ജനങ്ങളുടെ ഉല്പാദന രംഗത്തെ ഒരു പ്രമുഖ സംസ്ഥാനമാണ് കേരളം. കോവിഡ് കാലത്ത് മറ്റ് കയറ്റുമതി മേഖലകൾ തളർച്ചയെ നേരിട്ടപ്പോൾ ഈ രംഗത്ത് കയറ്റുമതിയിൽ നല്ല മുന്നേറ്റം കാണാമായിരുന്നു. മനുഷ്യരുടെ സ്വാഭാവിക പ്രതിരോധ ശേഷി ഉയർത്തുന്നതിന് സുഗന്ധ വ്യഞ്ജനങ്ങൾ നല്ലതാണെന്ന പ്രചരണമാണ് വിദേശ വിപണികളിൽ ഇവയുടെ സ്വീകാര്യത ഉയരാൻ കാരണമായത്. ഈ രംഗത്ത് ഉത്പാദനം പൊടുന്നനെ ഉയർത്തുക എളുപ്പമല്ലെങ്കിലും, സമീപകാലത്ത് വിലയിൽ ഉണ്ടായ മാറ്റത്തെയാണ് ഇവിടെ അവലോകനം ചെയ്യുന്നത്. സുഗന്ധ വ്യഞ്ജനങ്ങൾക്കൊപ്പം തേയില, കാപ്പി എന്നീ ഉത്പന്നങ്ങളും കോവിഡ് കാലത്ത് ശ്രദ്ധാകേന്ദ്രമായിരുന്നു. കേരളത്തിന്റെ സമ്പദ്ഘടനയിൽ, പ്രത്യേകിച്ച് വയനാട്, ഇടുക്കി എന്നീ മലയോര ജില്ലകളുടെ കാര്യത്തിൽ ഈ നാല് വിളകളും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു.

നാലു വിളകൾ–കുരുമുളക്, ഏലം, തേയില, കാപ്പി- എന്നിവ ചേർന്നാൽ സംസ്ഥാനത്തെ മൊത്തം കൃഷി ചെയ്തിരിക്കുന്ന ഭൂമിയുടെ 12 ശതമാനം വരും. വയനാടിന്റെ കാര്യത്തിൽ ഇത് 80 ശതമാനവും ഇടുക്കിയിൽ ഏകദേശം 55 ശതമാനവുമാണ് (പട്ടിക – 1). എന്നാൽ ഇവ കൃഷി ചെയ്യുന്ന കാര്യത്തിൽ ഈ രണ്ടു ജില്ലകളും വ്യത്യസ്തത പുലർത്തുന്നു. വയനാട്ടിൽ കാപ്പിയും കുരുമുളകും പ്രധാന വിളകളാകുമ്പോൾ ഇടുക്കിയിൽ തേയിലയും കുരുമുളകും ഏലവുമാണ് പ്രമുഖ വിളകൾ.

***2010 മുതൽ 2018 വരെയുള്ള എട്ടു വർഷത്തിനിടയിലാണ് തേയിലയുടെ വില ഇരട്ടിയായി ഉയർന്നത്. എന്നാൽ കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ കേവലം എട്ടു മാസത്തിനിടെ ഈ നേട്ടം ആവർത്തിച്ചതായി കാണാം. വിലയിലെ ഈ കുതിച്ചു ചാട്ടം വൻകിട തോട്ടമുടമകൾക്ക് നേട്ടമായപ്പോൾ തേയിലയുടെ ഉപഭോക്താക്കൾക്ക് അത് വലിയ തിരിച്ചടിയാവുകയാണുണ്ടായത്.***

ഈ വിളകളുടെ വിലയിൽ കോവിഡ് കാലത്തുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്യുന്നതിന് കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഇവയുടെ വിലയിൽ ഉണ്ടായ ഏറ്റക്കുറച്ചിൽ അവലോകനം ചെയ്യേണ്ടത് ആവശ്യമാണ്. ഫിഗർ ഒന്നും പട്ടിക രണ്ടും പരിശോധിക്കുമ്പോൾ കുരുമുളകിന്റെ വില ഇടയ്ക്ക് കുത്തനെ ഉയരുന്നതും തൊട്ടു പിന്നാലെ ഇടിയുന്നതും കാണാനാകും. കഴിഞ്ഞ നാലു വർഷത്തിനിടയിൽ വില മൂന്ന് മടങ്ങോളം ഉയർന്നിട്ടുണ്ട്. അതായത് വാർഷിക വളർച്ച ഏകദേശം 30 ശതമാനം. 2011–12 ലാണ് ഏറ്റവും കുത്തനെയുള്ള മുന്നേറ്റം, 60 ശതമാനം, ഉണ്ടായത് എന്ന്

**Table 1**.Area under select crops in Wayanad and Idukki, 2018-19 (Hectares)

| Crop | Kerala | Wayanad | Idukki |
|---|---|---|---|
| Pepper | 82671 | 9939 | 43104 |
| Cardamom | 38882 | 4120 | 30968 |
| Tea | 36474 | 8194 | 25588 |
| Coffee | 84976 | 67426 | 12717 |
| Sub Total | 243003 | 89679 | 112377 |
| | (11.95%) | (79.38%) | (54.74%) |
| Net Cropped Area | 2033631 | 112976 | 205291 |

Source: ecostat.kerala.gov.in

കാണാം. തുടർന്നുള്ള മൂന്ന് വർഷങ്ങളിൽ വില യഥാക്രമം 32, 20, 10 ശതമാനം വീതം താഴുകയാണുണ്ടായത്. ഈ മൂന്ന് വർഷത്തിനിടയിൽ വിലയിൽ നേരത്തെ പ്രകടമായ നേട്ടം ഇല്ലാതായെന്ന് മാത്രമല്ല 2019–20 ൽ വിലനിലവാരം 2011–12 ലെ നിലവാരത്തിലേക്ക് താഴുകയും ചെയ്തു.

ഏലത്തിന്റെ വിലയും കുരുമുളകിന് സമാനമായ രീതിയിലാണ് ചലിച്ചത് (ഫിഗർ–1, പട്ടിക–2 ). 2011 12 ൽ പ്രകടമായത് 30 ശതമാനം ഇടിവാണ്. തുടർന്നുള്ള അഞ്ചു വർഷങ്ങളിൽ ചെറിയ തോതിലുള്ള മാറ്റങ്ങളോടെ വിലനിലവാരം കുറഞ്ഞ തോതിലാണ് നീങ്ങിയത്. എന്നാൽ 2016–17 ൽ വിലയിൽ 80 ശതമാനം കുതിപ്പ് പ്രകടമായി. 2018–19 ൽ 50 ശതമാനത്തിന്റെ മുന്നേറ്റം കണ്ടു. തൊട്ടടുത്ത വർഷം 100 ശതമാനത്തിന്റെ ഉയർച്ചയാണ് കണ്ടത്. അതായത് 2016–17 നെ അപേക്ഷിച്ച് വിലയിൽ മൂന്നിരട്ടിയോളം കുതിപ്പുണ്ടായി എന്നർത്ഥം. ഏലം, കുരുമുളക് എന്നീ ഉത്പന്നങ്ങളുടെ കാര്യത്തിൽ ചാക്രിക ചലനങ്ങൾ വളരെ പ്രകടമായി കാണാൻ കഴിയും. വൻതോതിലുള്ള മുന്നേറ്റത്തോടൊപ്പം അതേ തോതിൽ തന്നെയുള്ള ഇടിവും തുടർന്ന് ഉണ്ടാകുന്നതായി കാണാം. 2019 –20 വർഷം കുരുമുളകിന്റെ കാര്യത്തിൽ ഏറ്റവും താഴ്ന്ന തലത്തിലുള്ളതായിരുന്നെങ്കിൽ ഏലത്തിന്റെ കാര്യത്തിൽ ഏറ്റവും ഉത്തുംഗാവസ്ഥയിലാണെന്ന് കാണാം. ഇവയുടെ കാര്യത്തിൽ മൂന്നോ നാലോ വർഷത്തിനിടയിൽ വില 100 ശതമാനം ഉയരാറുണ്ടെങ്കിലും പിന്നീടുള്ള അത്രയും വർഷം കൊണ്ട് വില 50 ശതമാനം താഴോട്ട് പോകുന്നതും കാണാം.

എന്നാൽ ഇത്തരം പ്രവണതയിൽ നിന്ന് വ്യത്യസ്തമാണ് തേയില, കാപ്പി എന്നീ തോട്ടവിളകളുടെ കാര്യം (ഫിഗർ–2, പട്ടിക–2). 2010 11 മുതൽ 2014 –15 വരെയുള്ള ഘട്ടത്തിൽ കാപ്പിയുടെ കയറ്റുമതി വില സ്ഥിരമായി ഉയരുന്ന പ്രവണത പ്രകടമാക്കി. അതുകൊണ്ട് 2010–11 വർഷത്തെ വിലയേക്കാൾ 60 ശതമാനം കൂടുതലായിരുന്നു 2014–15 ലെ വില. എന്നാൽ അടുത്ത രണ്ട് വർഷങ്ങളിൽ വില 10 ശതമാനം കണ്ട് കുറയുകയും അടുത്ത നാലു വർഷം (2016–17 : 2019–20) ഏറെക്കുറെ ഇതേ നിലയിൽ തുടരുകയും ചെയ്തു. 2012–13, 2013–14 എന്നീ വർഷങ്ങളിലെ വിലനിലവാരമായിരുന്നു ഇതെന്ന് കാണാം. 2011–12, 2012–13 എന്നീ വർഷങ്ങളിൽ പ്രകടമായ മികച്ച മുന്നേറ്റത്തിന് ശേഷം 2019 –20 വരെ വില ഏറെക്കുറെ സ്റ്റെഡിയായി നീങ്ങുകയാണുണ്ടായത്.

എന്നാൽ കാപ്പിയിൽ നിന്ന് വ്യത്യസ്തമായിരുന്നു തേയില വിപണിയുടെ ചിത്രം. ഇതിന്റെ വിലയുടെ കാര്യത്തിലെ മാറ്റം പടിപടിയായായാണെന്ന് കാണാം (ഫിഗർ–2, പട്ടിക–2). ഒരു വർഷം ചെറിയ തോതിൽ

***സുഗന്ധവ്യഞ്ജനങ്ങളുടെ , പ്രത്യേകിച്ച് കുരുമുളക്, ഏലം എന്നിവയുടെ വിലയിൽ ചാക്രികമായ മാറ്റം കണ്ടുവരാറുണ്ട്. 2019 – 20 വർഷത്തിൽ കുരുമുളകിന്റെ വില ഏറ്റവും താഴെ തട്ടിലായിരുന്നുവെങ്കിൽ ഏലത്തിന്റെ കാര്യത്തിൽ അത് ഉത്തുംഗാവസ്ഥയിലായിരുന്നുവെന്ന് കാണാം. എന്നാൽ 2019 വർഷത്തിലും 2020 ജനുവരിയിലും ഏലത്തിന്റെ വിലയിൽ കൈവരിച്ച നേട്ടം പിന്നീട് നഷ്ടമാവുകയും വില 2018 –19 ലെ നിലവാരത്തിലേക്ക് താഴുകയും ചെയ്തു.***

ഉയരുന്ന വില അടുത്ത രണ്ടോ മൂന്നോ വർഷം സ്ഥിരതയാർന്ന പ്രകടനമാണ് കാഴ്ച്ച വയ്ക്കാറുള്ളത്. 2012 ൽ വില 25 ശതമാനം ഉയർന്നപ്പോൾ, 2015 ൽ 10 ശതമാനവും 2017 ൽ 12 ശതമാനവും കൂടി. ഒരു ദശകകാലത്തിനിടയിൽ വിലയിൽ 50 ശതമാനത്തിന്റെ വളർച്ച പ്രകടമായതായി കാണാം. എന്നാൽ വൻ തകർച്ച പ്രകടമായിട്ടില്ല എന്നതാണ് തേയില വിപണിയുടെ ഒരു പ്രത്യേകത. ഇക്കാര്യത്തിൽ മറ്റു വിളകളിൽ നിന്ന് വ്യത്യസ്തമാണ് തേയില. ആഭ്യന്തര വിപണിയിൽ തേയിലക്ക് നല്ല ഡിമാന്റുള്ളതാണ് വിലസ്ഥിരതക്ക് ഒരു പ്രധാന കാരണം.


ഇവിടെ ഉയരുന്ന പ്രധാന ചോദ്യം കോവിഡ് മഹാമാരിയും തുടർന്നുണ്ടായ ലോക്ക് ഡൗണും ഈ വിളകളുടെ വിലയിൽ എന്ത് സ്വാധീനം ചെലുത്തി എന്നതാണ്. തേയിലയുടെ കാര്യമെടുത്താൽ 2019 ഏപ്രിൽ മുതൽ പ്രതിമാസ ശരാശരി വില കുറയുന്നതാണ് കണ്ടത്. ഇടിവ് ആദ്യം നേരിയ തോതിലായിരുന്നെങ്കിൽ ജൂൺ മാസമാകുമ്പോൾ അത് ശക്തിപെടുന്നത് കാണാം. ആഗസ്റ്റ് മാസത്തിൽ വില 2019 ജനുവരിയിൽ രേഖപെടുത്തിയായതിനേക്കാൾ 19 ശതമാനം കുറവാണെന്ന് കാണാം (പട്ടിക – 3). വിലയിലെ ഈ ഇടിവ്

**Table 2**. Average annual prices of select crops, 2010-11 to 2019 - 20 (Rs per kg)

| Year | Pepper (Cochin) | Cardamom (All India) | Coffee (Cochin) | Tea (All India) |
|---|---|---|---|---|
| 2010 - 11 | 197.05 | 968.22 | 112.54 | 80.28 |
| 2011 - 12 | 318.77 | 645.62 | 140.41 | 80.37 |
| 2012 - 13 | 398.18 | 686.89 | 152.12 | 105.02 |
| 2013 - 14 | 448.29 | 649.2 | 155.11 | 100.84 |
| 2014 - 15 | 686.64 | 754.01 | 178.15 | 102.49 |
| 2015 - 16 | 655.22 | 627.12 | 163.11 | 111.67 |
| 2016 - 17 | 694.77 | 1088.5 | 158.33 | 115.81 |
| 2017 - 18 | 473.73 | 955.56 | 157.21 | 114.04 |
| 2018 - 19 | 378.21 | 1520.3 | 164.45 | 127.78 |
| 2019 - 20 | 347.08 | 2908.5 | 158.08 | 119.12 |


Source: For Pepper and Cardamom, indiaspices.com; For Coffee, indiacoffee.org; For Tea, teaboard.gov.in
Note: For Pepper and Cardamom, Average Domestic Prices are shown. For Coffee, All India Export Prices are presented. For Tea, Weekly Average Price of the Last Week of December is shown.
While for Tea Calendar Year is taken, for other crops Financial Year is considered.

**Figure 1**.Annual prices of Cardamom and Pepper, 2010 -11 to 2019 - 20 (Rs per kg)




*Source: Same as Table 2*

**Figure 2**. Annual prices of Coffee and Tea, 2010 -11 to 2019 - 20 (Rs per kg)




*Source: Same as Table 2*

2020 മാർച്ച് വരെ തുടർന്നു. എന്നാൽ ലോക്ക് ഡൗണിന്റെ ആദ്യ മാസത്തിൽ തന്നെ വിലയിൽ 20 ശതമാനത്തിന്റെ മുന്നേറ്റം കണ്ടു. ജൂലൈയിൽ 22 ശതമാനവും ആഗസ്റ്റിൽ 25 ശതമാനവും സെപ്റ്റംബറിൽ 13 ശതമാനവും വില ഉയർന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രേഖപെടുത്തിയതിന്റെ ഇരട്ടി വിലയാണ് സെപ്റ്റംബറിൽ കണ്ടത്. 2010 നും 2018 നും ഇടയ്ക്കുള്ള എട്ടു വർഷം കൊണ്ടാണ് വില ഇരട്ടിയായതെങ്കിൽ കോവിഡ് കാലത്ത് കേവലം എട്ട് മാസം കൊണ്ട് ഈ നിലവാരത്തിലേക്ക് എത്തുകയായിരുന്നു. വൻകിട തോട്ടമുടമകൾക്ക് ഇതുകൊണ്ട് നേട്ടമുണ്ടായെങ്കിൽ സാധാരണക്കാരുടെ പ്രധാന പാനീയമെന്ന നിലയിൽ ഉപഭോക്താവിന് ഇത് വലിയ തിരിച്ചയടയാവുകയാണുണ്ടായത്.

2019 ലെ ആദ്യ രണ്ടു മാസങ്ങളിൽ കാപ്പിയുടെ വിലയിൽ വലിയ മാറ്റം പ്രകടമായിരുന്നില്ല (പട്ടിക - 3). മെയിൽ എട്ടു ശതമാനവും തുടർന്നുള്ള രണ്ടു മാസങ്ങളിൽ അഞ്ചു ശതമാനം വീതവും വില മുന്നേറ്റമുണ്ടായി. പിന്നീട് കാര്യമായ മാറ്റം ഉണ്ടായില്ല. എന്നാൽ 2019 ലെ അവസാന മാസങ്ങളിലും 2020 ജനുവരിയിലും 10 ശതമാനം വിലക്കയറ്റം കണ്ടു. ഫെബ്രുവരിയിലും മാർച്ചിലും ആറ് ശതമാനം വീതം വിലക്കയറ്റം പ്രകടമായി. ഏപ്രിലിൽ ലോക്ക് ഡൌൺ പ്രഖ്യാപിക്കപ്പെട്ടതിന് ശേഷം വില സ്ഥിരത പുലർത്തുന്നതാണ് കണ്ടത്. കാപ്പിയുടെ വില മാറ്റം തേയിലയിൽ നിന്ന് വ്യത്യസ്തമായിരുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

2016-17 നു ശേഷം കുരുമുളക് വില താഴുന്നതാണ് കണ്ടത്. 2019 ലെ മാസം തോറുമുള്ള വില വ്യത്യാസം ഈ ദീർഘകാല പ്രവണതയുടെ ഒരു തുടർച്ചയായി വിലയിരുത്താം. 2019 ജൂൺ മാസം വരെ വിലയിൽ ഏറ്റക്കുറച്ചിൽ പ്രകടമായിരുന്നെങ്കിൽ തുടർന്ന് ഇടിയാൻ

**Table 3**. Month - wise prices of select crops, 2019-20 (Rs per Kg)

| Month | Pepper | | Cardamom | | Coffee | | Tea | |
|---|---|---|---|---|---|---|---|---|
| | 2019 | 2020 | 2019 | 2020 | 2019 | 2020 | 2019 | 2020 |
| January | 371 | 343 | 1432 | 3802 | 142 | 180 | 111 | 96 |
| February | 364 | 333 | 1398 | 3313 | 139 | 192 | 111 | 93 |
| March | 347 | 321 | 1471 | 2693 | 137 | 205 | 112 | 93 |
| April | 353 | 330 | 1813 | --- | 135 | 206 | 111 | 112 |
| May | 367 | 328 | 2443 | 1770 | 146 | 209 | 107 | 101 |
| June | 367 | 334 | 2873 | 1477 | 154 | 210 | 103 | 108 |
| July | 355 | 325 | 3436 | 1619 | 162 | 212 | 91 | 132 |
| August | 355 | 336 | 3252 | 1683 | 156 | 220 | 90 | 165 |
| September | 347 | 345 | 3040 | 1634 | 158 | 214 | 93 | 186 |
| October | --- | --- | --- | --- | 157 | 210 | --- | --- |

Source: Same as Table 2

Note: For Pepper and Cardamom, Monthly Average Prices are taken; For Coffee, Raw Coffee Price (Karnataka) of the last working day of the month id presented. Price range is given in the publication and we have taken the maximum of the range; For Tea, Average Prices of the auction centres in South India are taken.

തുടങ്ങിയ വില 2020 മാർച്ച് മാസം വരെ അതേ പ്രവണത തുടർന്നു. എന്നാൽ കോവിഡ് കാലഘട്ടം ഇതിനു ഒരു അറുതി വരുത്തുകയും വിലയിൽ സ്ഥിരത കൊണ്ട് വരികയും ചെയ്തു. മനുഷ്യരുടെ പ്രതിരോധ ശേഷി ഉയർത്തുന്നതിന് സുഗന്ധ വ്യഞ്ജനങ്ങൾ സഹായകമാണെന്ന റിപ്പോർട്ടുകളാണ് വിലയിടിവ് പിടിച്ചു നിർത്തി സ്ഥിരത കൊണ്ട് വന്നത്.

2019 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വിലനിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ജൂണിൽ ഏലത്തിന്റെ വിലയിൽ 100 ശതമാനം മുന്നേറ്റമാണ് കണ്ടത് (പട്ടിക-3). അതിനുശേഷവും ഉയർന്ന വില 2020 ജൂണിൽ ഏറ്റവും ഉയർന്ന തലത്തിലെത്തി. എന്നാൽ ലോക്ക് ഡൗണിനു മുൻപുള്ള മൂന്ന് മാസങ്ങളിൽ അതായത് ജനുവരി മുതൽ മാർച്ച് വരെയുള്ള ഘട്ടത്തിൽ വില 30 ശതമാനം കണ്ട് താഴ്ന്നു. ലോക്ക് ഡൌൺ വിലയിടിവ് രൂക്ഷമാക്കിയതായി കാണാം. 2020 ജൂണിൽ മാർച്ചിനെ അപേക്ഷിച്ച് വില 45 ശതമാനം കുറഞ്ഞു. തൊട്ടടുത്ത മാസം നേരിയ മുന്നേറ്റം കണ്ടുവെങ്കിലും ജനുവരി - ഫെബ്രുവരി മാസങ്ങളെ അപേക്ഷിച്ച് വില കുറഞ്ഞത് 50 ശതമാനമാണ്. അതായത് 2019 നു നേരെ തിരിച്ചുള്ള ഒരു ട്രെൻഡാണ് ഏലത്തിന്റെ കാര്യത്തിൽ 2020 ൽ കണ്ടത്. 2019 ലും ഈ വർഷം ജനുവരിയിലും ഉണ്ടായ നേട്ടം പൂർണ്ണമായും നഷ്ടമായെന്ന് മാത്രമല്ല വിലനിലവാരം 2018 -19 തലത്തിലേക്ക് താഴുകയും ചെയ്തു.

എന്നാൽ കോവിഡ് കാലത്ത് സുഗന്ധ വ്യഞ്ജന വിളകളുടെ കയറ്റുമതി കൂടിയത് കേരളത്തിന് നേട്ടമാകുമെന്ന് കരുതിയെങ്കിൽ തെറ്റി. കാരണം കോവിഡ് മഹാമാരി സുഗന്ധ വ്യഞ്ജനങ്ങളുടെയും കാപ്പിയുടെയും കർഷകർക്ക് വലിയ തിരിച്ചടിയാണ് ഉണ്ടാക്കിയത്. വിലയിലെ ഇടിവ് കുരുമുളകിനെയും കാപ്പിയെയും അത്ര പ്രതികൂലമായി ബാധിച്ചില്ലെങ്കിലും ഏലത്തിന്റെ കാര്യത്തിൽ 50 ശതമാനം വിലയിടിവാണ് മഹാമാരിയുടെ ഘട്ടത്തിൽ ഉണ്ടായത്. ഉപഭോക്താക്കൾക്ക് ദോഷം വരുത്തിയെന്ന് വിലയിരുത്താമെങ്കിലും തേയില വിലയിൽ നല്ല മുന്നേറ്റം കണ്ടു. അതുകൊണ്ട് വയനാടിനും ഇടുക്കിക്കും കാര്യമായ പ്രയോജനം ഉണ്ടായില്ല എന്നാണ് വിലയിരുത്തൽ. തേയില വിപണിക്ക് വലിയ നേട്ടം ഉണ്ടായെങ്കിലും കേരളത്തിൽ തേയില കൃഷി ചെയ്യുന്ന വിസ്തൃതി കുറവാണെന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്.

(ഡി . നാരായണ, മുൻ ഡയറക്ടർ, ഗിഫ്റ്റ്, ഷഗിഷ്ണ കെ, സ്വതന്ത്ര ഗവേഷക)

GIFT GULATI INSTITUTE OF FINANCE AND TAXATION

**ലേബർ & എംപ്ലോയ്മെന്റ്**

# കേരളത്തിന്റെ വരുമാനം, ജീവിത നിലവാരം എന്നിവയിൽ സാമൂഹ്യ മേഖലയിലെ ചെലവഴിക്കലിന്റെ സ്വാധീനം

എ വി ജോസ്

കേരള എക്കോണമിയുടെ കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ സംസ്ഥാനത്തിന്റെ തൊഴിൽ, വരുമാനം എന്നിവയുടെ ഘടനയെ കുറിച്ച് ഈ പംക്തിയിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി. സംസ്ഥാനത്ത് കാർഷികേതര മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ ഉയർന്ന അനുപാതത്തെ കുറിച്ചും അവരുടെ ഉത്പാദനക്ഷമത, പ്രതിശീർഷ വരുമാനം എന്നിവയുടെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന തലത്തിൽ നിലകൊള്ളുന്നുവെന്നും ഇക്കാര്യം വ്യക്തമാക്കുന്ന കണക്കുകൾ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ ലേഖനങ്ങളിലെന്ന പോലെ ഒന്നാം കോളത്തിൽ കേരളത്തിന്റെ കണക്കുകളും അടുത്ത കോളത്തിൽ ദേശീയ തലത്തിലെ കണക്കുകളും എന്ന രീതിയിലാണ് ഈ പട്ടിക ക്രമീകരിച്ചിരിക്കുന്നത്.

കഴിഞ്ഞ ഏതാനും ദശകങ്ങളായി സാമൂഹ്യ മേഖലകളിലെ ചെലവിന്റെ കാര്യത്തിൽ കേരളം, ഉയർന്ന തോത് തുടർച്ചയായി പിന്തുടരുന്നതായി കാണാം. 1990-91 മുതൽ 2000-01 വരെയുള്ള കാലത്തെ കണക്കുകൾ നോക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഉൾപ്പടെയുള്ള സാമൂഹ്യ മേഖലയിലെ ചെലവഴിക്കൽ 42 ശതമാനമാണ്. എന്നാൽ അഖിലേന്ത്യ തലത്തിൽ ഇത് 37 ശതമാനമാണ്. 2005-06 മുതൽ 2011-12 വരെയുള്ള ഘട്ടത്തിൽ ഈ അനുപാതം 33 ശതമാനമായി ചുരുങ്ങിയിരുന്നു (ആർ ബി ഐ 2014, പേജ് 156).1 എന്നാൽ അതിന്

***പിന്നിട്ട ദശകങ്ങളിൽ സാമൂഹ്യ രംഗങ്ങളിൽ പണം ചെലവഴിക്കുന്നതിൽ തുടർച്ചയായി ഉയർന്ന തോത് പിന്തുടരുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 1990-91 മുതൽ 2000-01 വരെയുള്ള കാലത്തെ കണക്കുകൾ നോക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഉൾപ്പടെയുള്ള സാമൂഹ്യ മേഖലയിലെ ചെലവഴിക്കൽ 42 ശതമാനമാണ്. എന്നാൽ അഖിലേന്ത്യ തലത്തിൽ ഇത് 37 ശതമാനമാണ്.***

അവയിൽ വ്യക്തമാക്കിയിരുന്നു. കേരളത്തിന്റെ ഈ മികച്ച നേട്ടം സാമൂഹ്യ മേഖലയിലെ ഉയർന്ന തോതിലുള്ള ചെലവഴിക്കലിന്റെ ഫലമായി കൈവരിച്ച, സമ്പത്തിന്റെ പുനർവിതരണത്തിലൂടെ നേടിയതാണെന്ന വാദം ശക്തമാണ്. ഈ വാദമുഖങ്ങളെ ഒന്നുകൂടി ശക്തമായി സാധൂകരിക്കുന്നതിനാണ് ഈ ലേഖനം ലക്ഷ്യമിടുന്നത്. ഈ വികസന സമീപനം കേരളീയരുടെ വരുമാനം, ജീവിത നിലവാരം എന്നിവയെ കാര്യമായി സ്വാധീനിച്ച ഒന്നാണ്.

**Table 1.** Comparative estimates of earnings, demography and expenditure per head in Kerala and India

| | Rows | Kerala | India |
|---|---|---|---|
| 1 | Per capita expenditure on social services (Rs) 2018-19 | 11285 | 8738 |
| 2 | Per capita expenditure on education (Rs) 2018-19 | 5702 | 4013 |
| 3 | Per capita expenditure on public health (Rs) 2018-19 | 1892 | 1171 |
| 4 | Per capita expenditure on non-development services (Rs) 2018-19 | 15234 | 7140 |
| 5 | Growth of population between 2001and 2011 Censuses (%) | 4.9 | 17.7 |
| 6 | Total fertility rate (2017) | 1.7 | 2.2 |
| 7 | Infant mortality rate per thousand (2017) | 10 | 34 |
| 8 | Maternal mortality rate per 100,000 live births (2015-17) | 42 | 122 |
| 9 | Population above 60 yearspercentage of total population (2011) | 12.6 | 8.0 |
| 10 | Percentage of women with secondary education and above 2017-18 | 57.0 | 32.3 |
| 11 | Net attendance of girls in higher secondary level schools 2017-18 | 78.5 | 42.7 |
| 12 | Percentage of ailments treated in public hospitals 2017-18 | 47.5 | 30.1 |
| 13 | Expenditure Rs per spell of non-hospitalized treatment per person(R) | 432 | 592 |
| 14 | Expenditure Rs per spell of non-hospitalized treatment per person(U) | 545 | 710 |
| 15 | Expenditure (Rs) per hospitalized treatment Public hospitals 2017-18 | 4589 | 4837 |
| 16 | Expenditure (Rs) per hospitalized treatment Pvt. Hospitals 2017-18 | 32746 | 38822 |
| 17 | Expenditure per male student/year in tech/prof. course 2017-18 | 39967 | 51844 |
| 18 | Expenditure per female student/year in tech/prof. course2017-18 Rs | 41570 | 47421 |

Source:Rows 1 to 4: Government of Kerala (2020a) Revised Estimates from Tables B4, B13 and B11
Row 5: Government of India (2020) A169; Row 6,7: A160, Row 8: A 166, Row 9: Government of India (2020) Table 9.7
Rows 10:Government of India (2019a) Tables 3.1, Row 11: Table 9.1
Rows 12:Government of India (2019b) Table A8; Rows 13-14, Table A22; Rows 15-16: Table A17
Rows 17-18: Government of India (2019a) Table 19.1

ശേഷം നേരത്തെയുണ്ടായിരുന്ന ഉയർന്ന തോത് തിരിച്ചു പിടിക്കുന്നതിന് സംസ്ഥാന ത്തിന് കഴിഞ്ഞതായി പട്ടിക ഒന്നിലെ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട് (ഒന്ന് മുതൽ നാലു വരെയുള്ള വരികൾ). 2018 19 ലെ പുതുക്കിയ സംസ്ഥാന ബജറ്റ് പ്രകാരം വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വികസനേ തര ചെലവുകൾ തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ ചെലവഴിക്കൽ അഖിലേന്ത്യ ശരാശരിയേക്കാൾ വളരെ ഉയർന്നതാണെന്ന് കാണാം.

ഇത്തരത്തിലുള്ള ചെലവാക്കൽ കേരള ത്തിന്റെ മാനവശേഷി വികസന രംഗത്ത് മികച്ച നേട്ടം ഒരുക്കുന്നതിന് സഹായകമാ യതായി വിലയിരുത്താൻ കഴിയും. പട്ടിക ഒന്നിൽ നൽകിയിട്ടുള്ള സൂചകങ്ങൾ ജനസംഖ്യ രംഗത്തും അതുപോലെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലും കൈവരിച്ച നേട്ടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഉദാഹരണത്തിന്, 2001 നും 2011 നും ഇടയ്ക്കുള്ള സംസ്ഥാനത്തിന്റെ ജനസംഖ്യ വളർച്ച നിരക്ക് 4.9 ശതമാനമാണ്. ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളെടു

***2001 മുതൽ 2011 വരെയുള്ള ഘട്ടത്തിൽ കേരളത്തിലെ ജനസംഖ്യ വർധന 4.9 ശതമാനമാണ്. ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങൾ എടുക്കുമ്പോൾ ഏറ്റവും കുറഞ്ഞ ജനസംഖ്യ വളർച്ച നിരക്ക് കേരളത്തിലാണ്. ആരോഗ്യ മേഖലയിൽ ഉണ്ടായ പുരോഗതിയുടെ ഫലമായി മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഫെർട്ടിലിറ്റി നിരക്ക്, ശിശുമരണ നിരക്ക്, പ്രസവകാല മരണ നിരക്ക് എന്നിവ ഏറ്റവും കുറവ് കേരളത്തിലാണ് എന്ന് കാണാം.***

ക്കുമ്പോൾ ഏറ്റവും ചുരുങ്ങിയ നിരക്കാണ് ഇത് (പട്ടിക-1, അഞ്ചാം വരി). ആരോഗ്യ രംഗത്തുണ്ടായ നേട്ടങ്ങൾ, കുറഞ്ഞ മൊത്തം ഫെർട്ടിലിറ്റി നിരക്കിനും (ടി എഫ് ആർ) താഴ്ന്ന ശിശു മരണനിരക്ക്, പ്രസവ അനുബന്ധ മരണ നിരക്ക് എന്നിവയ്ക്കും നിദാനമായിട്ടുണ്ട് (വരികൾ 6-8). ഇതിന്റെ മറ്റൊരു സൂചകം ആയുർദൈർഘ്യത്തിൽ ഉണ്ടായ വളർച്ചയാണ്. 2011 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ 60 വയസിനും അതിന് മുകളിലും പ്രായമുള്ളവരുടെ പ്രാതിനിധ്യം 13 ശതമാനമാണ് (വരി-9). 2020 ലെ സാമ്പത്തിക സർവേയിൽ ആരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ 2019 -20 ൽ കേരളം ഒന്നാം സ്ഥാനത്താണ് എന്ന് കാണാം. [2]

വിദ്യാഭ്യാസത്തിന്റെ കാര്യമെടുക്കുമ്പോൾ കേവലം സാക്ഷരത എന്ന മാനദണ്ഡത്തിന് അപ്പുറത്തേക്ക് ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചും വിചിന്തനം ആവശ്യമാണ്. വിദ്യഭ്യാസത്തെ കുറിച്ചുള്ള ദേശീയ സർവെ പ്രകാരം (കേന്ദ്ര സർക്കാർ 2019 എ) സ്ത്രീകൾക്കിടയിൽ സെക്കണ്ടറിയും അതിന് മുകളിലും വിദ്യാഭ്യാസം നേടിയവരുടെ അനുപാതം കേരളത്തിൽ 57 ശതമാനമാണ്. അഖിലേന്ത്യ തലത്തിലേതിനേക്കാൾ വളരെ ഉയർന്ന തോതാണ് ഇത് (വരി -10). ഇതേ സർവെ അനുസരിച്ച് ഹയർ സെക്കണ്ടറി തലത്തിലുള്ള വനിതാ അനുപാതം സംസ്ഥാനത്ത് 79 ശതമാനമാണെന്ന് കാണാം (വരി 11). ആരോഗ്യ മേഖലയുടെ കാര്യത്തിലെന്ന പോലെ വിദ്യാഭ്യാസത്തിന്റെ നിലവാരമെടുത്താലും കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപിലാണ്[3].

ചെലവഴിക്കുന്നതിലെ പുനർവിന്യാസം വഴി, സാമൂഹ്യ ഉപഭോഗം വർധിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ സജീവമായ ഇടപെടൽ മൂലം പൊതു സമൂഹത്തിനായുള്ള വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ ചെലവിൽ കാര്യമായ ചലനം ഉണ്ടാക്കാൻ കഴിഞ്ഞതായി കാണാം. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള സേവനദാതാക്കൾക്ക് ഇത് നേട്ടമുണ്ടാക്കിയിട്ടുണ്ട്. ഇത്തരം സേവനങ്ങളുടെ ചെലവുകൾ അധികരിക്കുന്ന ഇടങ്ങളിൽ അത് നിയന്ത്രിച്ചു നിർത്തുന്നതിന് സർക്കാർ ഇടപെടൽ മൂലം കഴിഞ്ഞുവെന്നതാണ് പ്രധാന നേട്ടം. ഇത് മൂലം ഉണ്ടായ 'ഇൻകം എഫക്റ്റ്' ജനങ്ങൾക്ക് ഈ സേവനങ്ങൾ എത്തിപിടിക്കുന്ന കാര്യത്തിൽ ക്രിയാത്മക ചലനം സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരം ഇടപെടലുകൾ വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ ജനങ്ങൾക്ക് തുല്യ നീതിയോടെയുള്ള അവസരം ലഭ്യമാക്കുന്നതിന് സഹായകമായിട്ടുണ്ട് എന്നും വിലയിരുത്താൻ കഴിയും. എൻ എസ് എസിന്റെ എഴുപത്തിയഞ്ചാം റൗണ്ടിൽ ലഭ്യമായ ഇത്തരത്തിൽ ഇൻകം എഫക്റ്റ് കൊണ്ട് ഉണ്ടായ ചില വിവരങ്ങൾ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ നടക്കുന്ന ചികിത്സയുടെ ഏകദേശം പകുതിയും നടക്കുന്നത് പൊതു ആതുര ശുശ്രൂഷ സ്ഥാപനങ്ങൾ മുഖേനയാണ്. അഖിലേന്ത്യ തലവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ ഉയർന്ന

തോതിലുള്ളതാണ് (വരി-12). ആശുപത്രികളിൽ കിടക്കാതെയുള്ള ശരാശരി പ്രതിശീർഷ ചികിത്സ ചെലവ് കേരളത്തിലെ ഗ്രാമീണ മേഖലയിൽ 432 രൂപയും നഗര പ്രദേശങ്ങളിൽ 545 രൂപയുമാണ്. ദേശീയാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇത് വളരെ താഴ്ന്ന തോതിലുള്ളതാണ് (13,14 വരികൾ). ആശുപത്രികളിൽ കിടത്തിയുള്ള ചികിത്സയുടെ നഗര പ്രദേശങ്ങളിലെ ശരാശരി ചെലവ് സ്വകാര്യ ആശുപത്രികളുടേതും സർക്കാർ ആശുപത്രികളുടേതും പ്രത്യേകം ലഭ്യമാണ്. ഇത് യഥാക്രമം 21808 രൂപയും 2743 രൂപയുമാണെന്ന് കാണാം (വരികൾ 15,16). ഇക്കാര്യത്തിലും അഖിലേന്ത്യ ശരാശരിയേക്കാൾ ചെലവ് കുറവാണ് കേരളത്തിൽ. സർക്കാർ ആശുപത്രികളിൽ സ്വകാര്യ ആശുപത്രികളേക്കാൾ ചെലവ് കുറവാണെന്നും കണക്കുകൾ വ്യക്തമാക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച്, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ചെലവുകൾ, പൊതുമേഖലയിലായാലും സ്വകാര്യ മേഖലയിലായാലും സർക്കാർ ഇടപെടലിന് ശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. എൻ എസ് എസിന്റെ എഴുപത്തിയഞ്ചാം റൌണ്ട് പ്രകാരം കേരളത്തിൽ സെക്കണ്ടറി, ഗ്രാഡ്വേറ്റ് തലങ്ങളിലെ വിദ്യാഭ്യാസത്തിനുള്ള പ്രതിശീർഷ ചെലവ് അഖിലേന്ത്യ തലത്തിലേതിനേക്കാൾ കുറവാണ് എന്നും മനസിലാക്കാം. ഇതിന്റെ സ്ത്രീ, പുരുഷ വ്യത്യാസത്തോടെയുള്ള വിവരങ്ങൾ 17, 18 വരികളിൽ ലഭ്യമാണ്. ഈ മേഖലയിലും സർക്കാർ ചെലവുകൾ വഴിയുണ്ടായ ഇൻകം എഫക്റ്റ് സുവ്യക്തമാണ്.

ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് പൊതു ചെലവുകൾ ഉയർത്തുക വഴി കാര്യമായ നേട്ടമുണ്ടാക്കാൻ കഴിയുമെന്ന് ഈ കണക്കുകൾ വെളിവാക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങൾ വഴിയുള്ള സാമൂഹ്യ മേഖലയിലെ ചെലവുകൾ ഉയർത്തുന്നതിലൂടെ ജനങ്ങളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും പ്രകടമായ ഉന്നമനം ഉണ്ടാക്കാൻ കഴിയും. പൊതു ധനകാര്യ രംഗത്ത് കൂടുതൽ ചർച്ചകൾക്കും ഗവേഷണത്തിനും വഴിയൊരുക്കുന്ന ഒരു പ്രധാന വസ്തുത കൂടിയാണ് ഇത്.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

അടിക്കുറിപ്പ് :

1. 2003 ൽ ഫിസ്കൽ റെസ്പോണ്സിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്റ്റ് (എഫ് ആർ ബി എം എ) നടപ്പാക്കിയതിനെ തുടർന്നാണ് സാമൂഹ്യമായ ചെലവഴിക്കലിൽ ഇടിവ് പ്രകടമായത്. നാരായണ, ഷീൽ എന്നിവരുടെ പഠന പ്രകാരം (2018 , പട്ടിക 8) എഫ് ആർ ബി എം എ നടപ്പാക്കുന്നതിന് മുൻപ് ആരോഗ്യ മേഖലക്കും വിദ്യാഭ്യാസത്തിനുമുള്ള ചെലവ് യഥാക്രമം 21 ശതമാനവും 6 ശതമാനവുമായിരുന്നു. എന്നാൽ എഫ് ആർ ബി എം എ നടപ്പാക്കിയതിനെ തുടർന്ന് ഇത് യഥാക്രമം 17 , 5 ശതമാനം എന്ന നിലയിലേക്ക് താഴ്ന്നു.

2. കേരളത്തിന് 74 പോയിന്റാണുള്ളത്. ഏറ്റവും താഴെ തട്ടിലുള്ള യു. പിക്ക് 27 പോയിന്റും ബിഹാറിന് 32 പോയിന്റുമാണുള്ളത്. (ഗവണ്മെന്റ് ഓഫ് ഇന്ത്യ 2020 ,വോള്യം 2 , പട്ടിക 9.8)

3. ആകെ പോയിന്റ് 86. ഏറ്റവും താഴെ തട്ടിലുള്ള ജാർഖണ്ഡിന് 31 പോയിന്റും ബിഹാറിന് 37 പോയിന്റുമാണുള്ളത്. (ഗവണ്മെന്റ് ഓഫ് ഇന്ത്യ 2020 ,വോള്യം 2 , പട്ടിക 9.8)

**References**:

Government of India (2020). Economic Survey (2019-20) Vol 2, Statistical Appendix

Government of India (2019a). Key Indicators of Household Social Consumption on Education in India, NSS 75th Round 2017-2018 National Statistical Office, New Delhi

Government of India (2019b). Key Indicators of Household Social Consumption in India: Health, NSS 75th Round, 2017-2018, National Statistical Office, New Delhi

Government of Kerala (2020a). Budget in Brief 2020-2021, Finance Department, Thiruvananthapuram

Narayana D., Alok Sheel (2018). "Infrastructure and Fiscal Management", Economic and Political WeeklyVol. 53, Issue No. 20, 19 May.

RBI (2014), Reserve Bank of India - State Finances A Study of Budgets of 2013-14, www.rbi.org.in

**സെക്ടറൽ ഫോക്കസ്**

# ജല മലിനീകരണവും കേരളം നേരിടുന്ന വെല്ലുവിളികളും

ശ്രീകുമാർ ചതോപാധ്യായ

**സാ**മൂഹ്യ രംഗത്ത് വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിരന്തരമായ ഇടപെടൽ നടത്തുന്ന ഇന്ത്യയിലെ തന്നെ ഏക സംസ്ഥാനം ഒരു പക്ഷെ കേരളമാണ്. എന്നിരുന്നാലും ജലത്തിന്റെ രംഗത്ത് സംസ്ഥാനം പ്രതീക്ഷിച്ച തോതിലുള്ള നേട്ടങ്ങൾ കൈവരിച്ചതായി വിലയിരുത്താൻ കഴിയില്ല. ജലസ്രോതസുകളുടെ കാര്യത്തിൽ സമ്പന്നമാണ് കേരളം. വാർഷികാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏകദേശം 3000 മില്ലി മീറ്റർ മഴ ലഭിക്കുന്നുണ്ട്. രണ്ടു മൺസൂൺ സീസണുകളിലും മഴ ലഭിക്കുന്ന സംസ്ഥാനം എന്ന പ്രത്യേകതയുമുണ്ട്. ഇതിനെല്ലാം പുറമെ, 44 നദികളും പ്രകൃതിദത്തമായ മറ്റു സ്രോതസുകളും കേരളത്തെ ജലസമൃദ്ധമാക്കുന്നു. എന്നാൽ മഴയുടെ കാര്യത്തിലെ അസ്ഥിരതയും ചില കേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമവും സംസ്ഥാനം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. 2019 ലെ കണക്കുകൾ അനുസരിച്ച് കേരളത്തിലെ 56 ശതമാനം ജനങ്ങൾക്കും ജലവിതരണ പദ്ധതികളുടെ പ്രയോജനം ലഭ്യമാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ നല്ലൊരു പങ്ക് ജനങ്ങൾ കുടിവെള്ളത്തിനും ഗാർഹിക ആവശ്യങ്ങൾക്കും കിണർ വെള്ളത്തെയാണ് ആശ്രയിക്കുന്നത്. എന്നാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും വിവിധ പഠനങ്ങളിലൂടെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണമേന്മ കുറയുന്നു എന്നത് ഗൗരവതരമായ ഒരു വിഷയമായി മാറുകയാണ്. ഭൗമ ഉപരിതലത്തിലെ ജലത്തിന്റെ കാര്യത്തിലും ഭൂഗർഭ ജലത്തിന്റെ കാര്യത്തിലും ഈ പ്രതിസന്ധി നേരിടുന്നുണ്ട്. പലയിടങ്ങളിലും മനുഷ്യരുടെയും ജലജീവികളുടെയും ആരോഗ്യത്തെ ബാധിക്കുന്ന വിധത്തിൽ ഇത് മാറിയിട്ടുണ്ട്. വെള്ളത്തിന്റെ ഗുണമേന്മ കുറയുന്നത് ജനങ്ങളുടെ ആരോഗ്യത്തെയും സാമ്പത്തിക മേഖലയെയും ഒരു പോലെ ബാധിക്കുന്ന വിഷയമാണ്. കേരളത്തിലെ ജലസ്രോതസുകളുടെ ഗുണമേന്മയിലെ പ്രശ്നങ്ങളും നയരൂപീകരണതലത്തിൽ പരിഹാരം ആവശ്യമായി വരുന്ന ചില കാര്യങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

***ജലത്തിന്റെ ഗുണനിലവാരം കുറയുന്നു എന്നത് പാരിസ്ഥിതികവും സാമ്പത്തികവും ആരോഗ്യപരവുമായ നിരവധി പ്രശ്നങ്ങൾ കേരളീയ സമൂഹത്തിന് മുന്നിൽ ഉയർത്തുന്നുണ്ട്.***

**Table 1**. Change in BOD value of stations monitored by Central Pollution Control Board, 2012 and 2017

| Type of water bodies | Number of stations monitored | Number of stations recorded > 2mg value | | | | Total number of stations recorded increase in the maximum value |
|---|---|---|---|---|---|---|
| | | 2012 | | 2017 | | |
| | | Max | Mean | Max | Mean | |
| Rivers | 70 | 34 | 10 | 54 | 19 | 45 |
| Ground water | 30 | 4 | 2 | 16 | 8 | 20 |
| Lakes and ponds | 18 | 13 | 8 | 14 | 7 | 8 |
| Canal | 3 | 3 | 1 | 3 | 2 | 1 |

Source: Central Pollution Control Board, 2012, 2017

നാഷണൽ വാട്ടർ മോണിറ്ററിങ് പദ്ധതി പ്രകാരം, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡാണ് നദികൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ, എന്നിവയിലെ വെള്ളത്തിന്റെയും ഭൂഗർഭ ജലത്തിന്റെയും ഗുണമേന്മ പരിശോധന നടത്തുന്നത്. കേരളത്തിലെ 21 നദികളെ ജലസ്രോതസുകളുടെ ഗുണമേന്മ വീണ്ടെടുക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡിന്റെ (ബി ഓ ഡി) അടിസ്ഥാനത്തിൽ വിവിധ മുൻഗണന വിഭാഗങ്ങളായി ഇവയെ തരം തിരിച്ചിരിക്കുന്നു. സംസ്ഥാനത്തെ ഒരു നദീമേഖലയെ മാത്രം ഒന്നാം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മുൻഗണന നാലിൽ അഞ്ചു നദികളെയും മുൻഗണന അഞ്ചിൽ 15 നദികളെയും ഉൾപ്പെടുത്തിയിരിക്കുന്നു. കരമന മുതൽ തിരുവല്ല വരെയുള്ള ഭാഗത്തെയാണ് ഒന്നാം മുൻഗണന വിഭാഗത്തിൽ പെടുത്തിയിരിക്കുന്നത്. ഈ മേഖലയിൽ 'അർബൻ റിവർ സിൻഡ്രോം' എന്ന ഒരു പ്രതിഭാസം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പരിസ്ഥിതി സംബന്ധമായ മേന്മകൾ ഏതാണ്ട് പൂർണ്ണമായി നഷ്ടപ്പെട്ടതും ഗുണനനിലവാരം കുറഞ്ഞതും പട്ടണ പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന ജലസ്രോതസുകളിൽ കണ്ട് വരുന്നതുമായ പ്രതിഭാസമാണ് ഇത്.

2012 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിവരങ്ങൾ അനുസരിച്ച് ബി ഒ ഡി മൂല്യം 2 മില്ലിഗ്രാം / ലിറ്റർ (മലിനമായ ജലത്തിന്റെ നിലവാരം അളക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക്) ആയി രേഖപ്പെടുത്തിയിട്ടുള്ള മേഖലകളുടെ എണ്ണത്തിൽ വർധന പ്രകടമാണ് (പട്ടിക-1). വർഷങ്ങളായി ജലത്തിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ചില കേസുകളിൽ ജലത്തിന്റെ ന്യൂട്രിയന്റ് ലോഡിങ് അപായകരമായ വിധത്തിൽ ഉയരുന്നതായി കണ്ടെത്തിയിട്ടുണ്ട് (ഡേവിഡ് 2016).

ടെസ്റ്റ് ചെയ്തവയിൽ 47 ജല സാമ്പിളുകളും മലിനമെന്നാണ് കണ്ടെത്തിയത്. ബാക്ടീരിയ മൂലമുള്ള മലിനീകരണമാണ് ഇതിൽ ഏറിയ പങ്കും (എസ് പി ബി 2018). ജലത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവും ഗണ്യമായ വിധത്തിൽ ഉയരുകയാണ്. സുരക്ഷിതമല്ലാത്ത ജലം, ശുചീകരണത്തിന്റെ അഭാവം, വൃത്തിഹീനമായ അവസ്ഥ എന്നിവ പല രാജ്യങ്ങളിലും മരണ നിരക്ക് ഉയരുന്നതിന് ഒരു മുഖ്യ കാരണമാണ്. 2012 മുതൽ 2016 വരെയുള്ള ഘട്ടത്തിൽ കേരളത്തിൽ ജലജന്യ രോഗങ്ങളുടെ കാര്യത്തിൽ 35.6 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

***മനുഷ്യ ഇടപെടലുകളാണ് ജലമലിനീകരണത്തിന്റെ ഒരു പ്രധാന കാരണം. അതുകൊണ്ട് സാങ്കേതികമായ പരിഹാരം എന്ന പോലെ തന്നെ പ്രാധാന്യമേറിയ കാര്യമാണ് ഇക്കാര്യത്തിലുള്ള ഭരണപരമായ സമീപനങ്ങളും.***

ജലമലിനീകരണത്തിന്റെ കാര്യത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങൾ തമ്മിൽ പ്രകടമായ അന്തരം പഠനങ്ങളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. തൃശൂരിൽ ഇത് 27 ശതമാനമാണെങ്കിൽ കൊല്ലത്ത് 59 ശതമാനമാണ് (എസ് പി ബി – 2018). ജനസാന്ദ്രതയുടെ അളവുകോലിൽ നോക്കുമ്പോൾ അർബൻ മേഖലയും പ്രതിശീർഷ വരുമാനവുമൊന്നും മലിനീകരണത്തിന്റെ കാര്യത്തിൽ വലിയ മാറ്റം വരുത്തുന്നില്ല എന്നതാണ് വസ്തുത. വികസന രംഗത്ത് കഴിഞ്ഞ ഏതാനും ദശകങ്ങളിൽ കേരളത്തിന് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ജലമലിനീകരണത്തിന്റെ തോത് ഉയരുന്നത് എൻവിറോണ്മെന്റൽ കുസ്നെറ്റ്സ് കർവിന് നേർവിപരീതമായ വിധത്തിലാണെന്ന് കാണാൻ കഴിയും. വികസനത്തിനൊപ്പം വെള്ളത്തിന്റെ ഗുണമേന്മയും ഗൗരവതരമായ ഒരു പ്രശ്നമാണെന്ന് ഇത് സൂചിപ്പിക്കുന്നു. കൂടുതൽ വിശദമായ അന്വേഷണം അനിവാര്യമായ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് ഇത്. ഇതേ പ്രശ്നം പല വികസ്വര രാജ്യങ്ങളിലും നേരിടുന്നുണ്ട് (മാർക്കണ്ഡേയ – 2004).

പരിസ്ഥിതിയെ നിയന്ത്രിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന ഒരു പാരമ്പര്യ ഘടകം കൂടിയാണ് വെള്ളം. അതിന് ഉപയോഗ മൂല്യമുള്ളതും അല്ലാത്തതുമായ നിരവധി മേന്മകളുണ്ട്. ശുദ്ധമായ ജലം ഗാർഹിക ആവശ്യങ്ങൾക്കെന്ന പോലെ വിനോദം, വൃത്തിയുള്ള അന്തരീക്ഷം എന്നിവയ്ക്കും അനിവാര്യമായ കാര്യമാണ്. ശുദ്ധജലം കുറഞ്ഞ ചെലവിൽ വിതരണം ചെയ്യുക എന്നത് വലിയ നേട്ടങ്ങൾ നൽകുന്ന ഒരു പ്രധാന കാര്യമാണ്. ഇതിനു പുറമെ സാംസ്കാരികവും മതപരവുമായ പ്രാധാന്യവും ജലത്തിനുണ്ട്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ജലമലിനീകരണത്തിന്റെ പ്രത്യാഘാതത്തെ കുറിച്ചുള്ള കൃത്യമായ ഒരു കണക്കെടുപ്പ് ഇനിയും ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. ദേശീയ തലത്തിൽ മുൻപ് നടന്ന പഠനത്തിൽ വ്യക്തമാക്കുന്നത് ജലമലിനീകരണത്തിന്റെ സാമ്പത്തിക ആഘാതം ജി ഡി പിയുടെ 1 .73 ശതമാനം മുതൽ 2 .1 ശതമാനം വരെ വരുമെന്നാണ് (മൂർത്തി ആൻഡ് സുരീന്ദർ കുമാർ – 2011). ഉപയോഗക്ഷമമല്ലാത്ത ജലത്തിന്റെ മൂല്യം ഇതിൽ കണക്കാക്കിയിട്ടില്ലെന്നോർക്കണം.

ജലത്തിന്റെ ഗുണമേന്മയിൽ ഉണ്ടാകുന്ന ഇത്തരം മാറ്റങ്ങൾക്ക് പ്രധാന കാരണം മനുഷ്യന്റെ ഇടപെടൽ തന്നെയാണ്. തകൃതിയായ നഗരവൽകരണം, സെറ്റിൽമെന്റുകൾ, സ്ഥലത്തിന്റെ വ്യാപകവും അശാസ്ത്രീയവുമായ വിനിയോഗം, തോട്ടങ്ങളായുള്ള കൃഷി രീതി, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാന ത്തിന്റെ അഭാവം, ശുചിമുറി മാലിന്യങ്ങളുടെ മാനേജ്മെന്റിന്റെ അപര്യാപ്തത തുടങ്ങിയ നിരവധി കാരണങ്ങൾ ഇതിനുണ്ട്. ജലത്തിന്റെ ഗുണനിലവാരം ഒരു മാനേജ്മെന്റ് പ്രശ്നവും സർക്കാരുകൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയുമാണ്. നഗരങ്ങളിലെയും വ്യവസായങ്ങളുടെയും മലിന ജലത്തിന്റെ സംസ്കരണം, കാർഷിക മേഖലയിലെ രാസവളം, കീടനാശിനികൾ തുടങ്ങിയവയുടെ നിയന്ത്രണം തുടങ്ങിയ കാര്യങ്ങളാണ് ഇതിൽ പരമ പ്രധാനമായത്. കാർഷിക മേഖലകളിൽ രാസവളങ്ങളുടെ ഉപയോഗം കൊണ്ടുള്ള മെച്ചം കുറഞ്ഞു വരുന്നതായി കാണാം. നൈട്രജൻ വളങ്ങളുടെ ദേശീയാടി

സ്ഥാനത്തിലുള്ള ഉപയോഗത്തിന്റെ അര നൂറ്റാണ്ട് കാലത്തെ അനുഭവങ്ങൾ പരിശോധിക്കുമ്പോൾ ഇത്തരം വളങ്ങളുടെ പ്രയോഗക്ഷമത 30 മുതൽ 35 ശതമാനം വരെയാണെന്ന് കാണാം (സിങ് - 2017). അതായത് പ്രയോഗിക്കുന്ന നൈട്രജൻ വളങ്ങളിൽ 65 മുതൽ 70 ശതമാനം വരെ ചെടികൾ വലിച്ചെടുക്കുന്നില്ല എന്നർത്ഥം. എന്നാൽ ഇത് പരിസ്ഥിതി മലിനീകരണത്തിനും ഭൂഗർഭ ജലത്തിന്റെ ഗുണമേന്മ കുറയുന്നതിനും കാരണമായി മാറുന്നു.

ജലത്തിന്റെ ഗുണനിലവാരം കുറയുന്നതിനുള്ള നാല് പ്രമുഖ കാരണങ്ങളിൽ ഒന്ന് ജലത്തിലെ അമിതമായ ന്യൂട്രിയന്റിന്റെ സാന്നിധ്യമാണ്. ഇത് തീവ്രമായ ജലക്ഷാമത്തിലേക്ക് നയിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ അതിദ്രുതമായ നയപരമായ തീരുമാനങ്ങൾ അനിവാര്യമാവുകയാണ്. മഴയുടെ ലഭ്യത സ്ഥിരത പുലർത്തുകയോ, കുറയുകയോ ചെയ്യുന്ന സാഹചര്യത്തിൽ ലഭ്യമായ ജലത്തിന്റെ ഗുണമേന്മ കാത്തുസൂക്ഷിക്കുന്നതും പ്രകൃതിദത്തമായ ജലസ്രോതസുകൾ നിലനിർത്തുന്നതും മുഖ്യ പരിഗണന അർഹിക്കുന്ന വിഷയങ്ങളാണ്. ജലസംഭരണത്തിനായുള്ള നിക്ഷേപം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസ്രോതസുകളുടെ സംരക്ഷണം തുടങ്ങിയവ അടക്കമുള്ള ജലത്തിന്റെ മാനേജ്മെന്റിനാണ് ഈ ഘട്ടത്തിൽ പ്രാമുഖ്യം നൽകേണ്ടത്. എന്നാൽ ഇക്കാര്യത്തിൽ ഗൗരവതരമായ ചർച്ചകൾ ഉണ്ടാകുന്നില്ല എന്നതാണ് കാതലായ പ്രശ്നം. സാങ്കേതിക വിദ്യ ഇക്കാര്യത്തിലെ ഏക പ്രതിവിധിയല്ല എന്ന് മനസിലാക്കണം. മലിനീകരണത്തിന്റെ തോത് കൂടി വരുന്നതിനാൽ ശുദ്ധീകരണ ചെലവുകൾ ഒരു വശത്ത് വർധിച്ചു വരുന്നു. മറുവശത്ത് ഇത് പുറമെ നിന്നുള്ള ജലത്തിന്റെ ആശ്രിതത്വത്തെ വർധിപ്പിക്കുകയും ചെയ്യുന്നു. പരമ്പരാഗതമായി കേരളീയർ പുറത്തു നിന്നുള്ള വെള്ളത്തെ ആശ്രയിക്കുന്നത് കുറവാണെന്ന് കാണാം. എന്നാൽ ജലസ്രോതസുകൾ മലിനമാകുന്നത് മൂലം ഇതിനു മാറ്റം വരികയാണ്.

എന്നാൽ ശ്രദ്ധേയമായ ചില നടപടികൾ ഇക്കാര്യത്തിൽ സംസ്ഥാനത്ത് ഉണ്ടാകുന്നുണ്ട്. ഹരിത മിഷന്റെ കീഴിൽ ആലപ്പുഴയിലെ നദികളുടെ പുനരുദ്ധാരണ നടപടികൾ കൂട്ടത്തിൽ ശ്രദ്ധേയമാണ്. ഇത്തരം ശ്രമങ്ങളിൽ നിന്ന് പാഠങ്ങൾ പഠിക്കേണ്ടതും അവയെ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോവുക എന്നതും വെള്ളത്തിന്റെ ഗുണമേന്മയുടെ കാര്യത്തിലെ പ്രധാന ഫോക്കസായി മാറേണ്ടതുണ്ട്.

■

(ശ്രീകുമാർ ചതോപാധ്യായ് , ഐ സി എസ് എസ് ആർ നാഷണൽ ഫെലോ, ഗിഫ്റ്റ്)

**References:**

Bijoy-Singh (2017). Management and use efficiency of fertilizer nitrogen in production of cereals in India-Issues and strategies. In Abrol Y P et al (eds.) The Indian Nitrogen Assessment; Sources of reactive nitrogen, environmental and climatic effects, management options and policies. Elsevier, pp. 149-162.

David S E., Chattopadhyay M., Chattopadhyay S., and Jennerjahn T C (2016). Impact of human interventions on nutrient biogeochemistry in the Pambariver, Kerala, India. Science of the Total Environment 541, 1420-1430.

Markandya A (2004). Water quality issues in Developing countries. Stiglitz j (ed) Essays in Environment and Development. World Bank and University of Bath.

Murthy M N and Surender Kumar (2011). Water pollution in India- An economic appraisal. India Infrastructure Report, 2011, pp. 285-298 .

State Planning Board, SPB (2018). Economic Review, 2017. Government of Kerala, Thiruvananthapuram.

# New studies on Kerala

Young Scholars' Forum, GIFT
led by George K John

## Economics

### Scopus Indexed Journals

1. Kannan, K. P., & Hari, K. S. (2020). Revisiting Kerala's Gulf Connection: Half a Century of Emigration, Remittances and Their Macroeconomic Impact, 1972-2020. The Indian Journal of Labour Economics, 1-27. https://doi.org/10.1007/s41027-020-00280-z

Abstract : This paper is an attempt to fulfil this gap by estimating foreign remittances to Kerala for a period of 47 years that is close to half a century. Using these data, the paper has presented a Modified State Income for Kerala and calculated its impact on consumption and savings. The significance of the sizable emigration to the labour market situation has also been highlighted.

The results show an increasing trend in inequality. Despite a high growth performance aided by remittances, Kerala has not been able to address its longstanding problem of educated unemployment, especially for its women.

2. Chathukulam, J., & Tharamangalam, J. (2020). The Kerala Model in the Time of COVID19: Rethinking State, Society and Democracy. World Development 137. Advance online publication. https://doi.org/10.1016/j.worlddev.2020.105207

Abstract : Kerala has been celebrated as a development model by scholars across the world for its exemplary achievements in human development and poverty reduction despite relatively low GDP growth. It was no surprise that the COVID-19 pandemic that hit Kerala before any other part of India, became a test case for the Kerala model in dealing with such a crisis. Kerala was lauded across the world once again as a success story in containing this unprecedented pandemic, in treating those infected, and in making needed provisions for those adversely affected by the lockdown.

But as it turned out, this celebration was premature as Kerala soon faced a third wave of COVID-19 infections. The objective of this paper is to examine Kerala's trajectory in achieving the success and then confronting the unanticipated reversal. It will examine the legacy of the Kerala model such as robust and decentralized institutions and provisions for healthcare, welfare and safety nets, and especially the capacity of a democratic state working in synergy with civil society and enjoying a high degree of consensus and public trust.

3.Thomas, L., & Dinesh, V. (2020). Economics of pineapple cultivation under climate variability in Kerala, India.. Plant Archives, 20(2), 3292-3295.

Abstract: Pineapple is a plant which can survive in most of the climatic conditions except severe frost and drought. But the quality of the fruit is affected by temperature variation, which leads to price fluctuation. The objectives of the study

are to analyse different climatic conditions like rainfall and temperature variation on pineapple cultivation in Kerala. Secondary data for the last few years has been collected from various sources to evaluate the relation between these two. It was found that changes in climate condition has a significant impact on pineapple cultivation, price fluctuation and diseases during the flowering stage.

4. Menon, D. V., & Vadakepat, V. M. (2020). Migration and reverse migration: Gulf-Malayalees' perceptions during the Covid-19 pandemic. South Asian Diaspora, 1-21. https://doi.org/10.1080/19438192.2020.1820668

Abstract : The United Arab Emirates has witnessed an exodus of long-term non-resident Indians, especially Keralites, due to unforeseen impacts of the COVID-19 pandemic in 2020. The Emirates' consequent economic setbacks, including a fear of the virus and falling job and financial security, threatened the survival of Indians-the largest expatriate demographic in the world and the Emirates.

While apprehensive about their homeland's ability to accommodate a mass reverse migrant population, the reverse migrants still retained attributes and values they associated with migration to the Emirates. Since the UAE hosts the largest number of Keralites in the world, the sample for this study comprises the first batch of Gulf-Malayalees who had registered to return to Kerala.

Through a means-end approach, this study reviews respondents' attributes, consequences, and values at the time of migration and compares it with their perceptions during the sudden COVID-19-related reverse migration from the United Arab Emirates.

5. Sabu, S. S., Kuruvila, A., & Subash, S. P. (2020). Price Volatility of Black Pepper in Kerala: Could Institutional Mechanism such as Contract Agreement be a Solution? Indian Journal of Agricultural Economics 75(2)

Abstract : Black pepper is a highly traded commodity and prone to price fluctuation. The paper focuses on the extent of volatility in prices of black pepper at the macro-level and explores at micro level whether an institutional support such as a contract agreement could be a solution to the problem of price volatility.

The study shows that the intra-annual volatility indices for black pepper prices decreased marginally after trade liberalisation in India, whereas the inter-annual volatility has increased in the post-liberalisation era. These fluctuating prices increase the uncertainty faced by the farmers in their planting decisions and in earning reasonable as well as stable returns. The study also identified disease and pest incidence as the major constraint in black pepper production, whereas price volatility ranked to be the fourth constraint. The study also analysed the effect of an institutional contract agreement by comparing the outcomes such as price received, net-income and replanting decisions.

6. Ramachandran, M. T., & Das, A. (2020). Collective farming and women's livelihoods: a case study of Kudumbashree group cultivation. Canadian Journal of Development Studies/ Revue canadienne d'études du développement, 41(3), 1-19. https://doi.org/10.1080/02255189.2020.1799764

Abstract: This study estimates crop productivity and incomes from crop production for women farmers undertaking collective farming with the Kudumbashree organisation. The method used to collect data on farm incomes broadly follows the Commission for Agricultural Costs and Prices [ CACP] methodology for calculating costs. The unit of our study will be the Joint Liability Group (JLG). The study aims to delineate the reasons for differential performances amongst the groups and to see whether these groups are successful as a viable alternative to individual farming and whether

they can realise the theoretical advantages of group cultivation.

**Other journal articles**

1. Joseph, J. (2020). Economic Impact of Tourism in Kerala, India. European Online Journal of Natural and Social Sciences, 9(3), pp-610. http://european-science.com/eojnss/article/view/6082

Abstract: Tourism is one of the few sectors where Kerala has clear competitive advantages as Kerala is considered as nature magic ranging from the Western Ghats covered with dense forests to the backwaters to the Arabian Sea. Its ancient rich culture including traditional dance forms and the strong presence of alternative systems of medicine add to its allure. Sustainable tourism is the mission. This can be achieved by integrating tourism with other parts of the economy like medical and health hubs which will attract more tourists over a longer period of time and with higher spending capacity. Infrastructure development is crucial to achieve this goal. This paper is an overview on the economic impact of tourism in Kerala.

2. Rajan, S. I. (2020). Migrants at a crossroads: COVID-19 and challenges to migration. Migration and Development, 1-8. https://doi.org/10.1080/21632324.2020.1826201

Abstract: This article examines the role of large scale migration surveys in understanding that future. Focusing on the example of Kerala, the article highlights the role of the Kerala Migration Survey (KMS) which has provided data on stocks of emigrants, return emigrants, cost of migration, use of remittances, and migration corridors since 1998.

The article shows how the Government of Kerala effectively utilized this data to manage the spread of the pandemic and its subsequent socio-economic impact on individuals, communities and society and organize policies and programs as well as to prepare for eventual return migrants for their integration and rehabilitation.

**Books and edited chapters**

1. Rajesh, K.(2020) Local Politics and Participatory Planning in Kerala: Democratic Decentralization, 1996-2016. Delhi: Primus Books,. http://primusbooks.com/local-politics-and-participatory-planning-in-kerala/

Local Politics and Participatory Planning in Kerala analyses how micro-level politics impacts and influences local governance and examines the dynamics of its interaction with honesty.

The book investigates how the stratagems and social dynamics of political parties, religious groups, and civil society towards grassroots democracy and local development have changed over time, focusing particularly on the extent of participation of women and marginalized sections.

Further, considering the evolving nature of local governance, this work analyses the history of the past 20 years of local governments and participatory democracy in Kerala on the basis of empirical data.

2. Mani, S. (2020). Kerala and the World Economy. Centre for Development Studies. http://cds.edu/wp-content/uploads/2020/09/Announcement-KaWEB.pdf

The book addresses several oft repeated propositions regarding Kerala's economy with fresh empirical data and methods of data analysis. These are integration of the state's economy with the rest of the world, the importance of remittances sent by Kerala workers especially from the Middle East, the state of Kerala's manufacturing sector and the condition of her environment.

The book deals with these current and long standing issues in 7 broad groups such as sustainable development, commercial crops, livestock and fisheries, high tech manufacturing and modern industries, international trade,

migration and remittances and health.

**Miscellaneous**

1. Center for Public Policy Research. (2020). Kerala model of response to Covid-19. https://www.cppr.in/wp-content/uploads/2020/10/KERALA-MODEL-OF-RESPONSE-TO-COVID-19.pdf

The study explores the interventions undertaken by both government and non-government actors that facilitated the State to effectively contain the spread of the virus during the first two waves of infection. The research also suggests a framework which can be adopted by other States by remodelling it as per their contextual requirement.

## Health

**Scopus indexed journals**

1.Thomas, A. S. (2020). Air pollution and nutritional transition as risk factors for non-communicable diseases: The emerging trends in health scenario of Kerala, India. Plant Archives, 20(2), 3296-3300.

Abstract: In Kerala, the sharp rise in prevalence of NCDs were associated with gradual process of urbanization, the phenomenal reduction in the cultivated area of paddy and all pulses and the enormous increase in poultry and meat consumption, access to labour saving techniques ,the rise of various non farm sectors, and especially the emergence of service sector. Though demographic dividend provides us a window of opportunity, the same would act as a double-edged sword as both the younger and the older people are equally prone to NCDs. The problem of increased burden of NCDs will remain unresolved until and unless both behavioural modifications at micro level and environmental protection at macro level are intensively addressed.

2. Lang, C. (2020). Neurochemistry and subjunctivities of depression in Kerala, South India. Anthropology & Medicine, 1-15. https://doi.org/10.1080/13648470.2019.1651

Abstract: Using two ethnographic examples, the aim of this paper is to analyse how subjectivities are construed and shaped in the process of negotiating depression in clinical encounters in mainstream psychiatric institutions in Kerala and how multiple framings and ontologies of affliction are assembled in them.

Subjectivities of depression are, it will be argued, less coherent than ambiguous and fractured, unstable and fragile. They engage, accentuate, and sometimes merge different, often contradictory discourses. They should therefore better be referred to as 'subjunctivities'.

The idiom of depression often becomes a rhetorical device to emphasise affiliation to a scientific medical discourse or citizenship and is often a statement to emphasise 'scientific temper' and modernity and to demarcate oneself from backwardness and superstition.

3. Brooks, L. A. (2020). The Vascularity of Ayurvedic Leech Therapy: Sensory Translations and Emergent Agencies in Interspecies Medicine. Medical Anthropology Quarterly. https://doi.org/10.1111/maq.12595

Abstract: This article offers vascularity as a multidimensional imaginary for the interspecies entanglements constituting Ayurvedic leech therapy. Whether, when, where, and how a leech decides to bite, suck, and release comprise pivotal junctures in leech therapy as practiced in southern Kerala. In the course of leech-human interactions, leeches translate matter, providing sensory mediation, relief, and amusement.

■

# What is new(s) from GIFT

## A. Webinars

### 1. "Role of religious faith in financial exclusion: An analysis of financial deepening in India"

Speakers: Prof D Narayana, former director and Honorary Professor, GIFT and Ms Shagishnna K.

Discussant: Mr Siddiq Rabiyath, Assistant Professor, Department of Economics

***Abstract***

Financial inclusion has been the coveted policy goal of the Indian government and may be thought of at two levels, having a bank account reflecting access to banks and financial literacy, and financial deepening as reflected in operating interest-bearing deposit or loan accounts. As a sizable proportion of the Muslims in the country subscribes to 'Riba is Haram', it is possible that such religious forbiddance to subscribe to interest bearing banking products may lead to exclusion from financial deepening. While many countries have overcome this deficiency by hosting Islamic banking in their conventional banking systems, India is an exception. The objective of this paper is to examine the prevalence of financial exclusion owing to religious faith in India. NFHS - 4 and Jan Dhan data show that almost 100 per cent households have a bank account. A careful analysis of Reserve Bank of India's district level data on deposit accounts, and population census data on urbanization and religious composition suggests exclusion from financial deepening of Muslims. Regression analysis confirms that faith based financial exclusion is significant in many states of India. A few private initiatives of recent years (for e.g., Sanghamam Multi State Co-operative Credit Society, Erattupetta) to offer interest-free banking services have attracted large clientele indicating unmet demand. The lack of a policy response means denying financial inclusion for large segments of population.

### 2. Webinar Series jointly with Indialics (India chapter of Globelics)

October 31, 2020 (Saturday) 5.30 pm to 7.00 pm

Title of the Webinar: Inclusive Innovation: Problematizing the State and S&T in Rural India

Based on Raina, Rajeswari S. and Keshab Das (Eds.), Inclusive Innovation: Evidence and Options in Rural India, Springer, Heidelberg/ New Delhi, 2020.

Welcome : Prof K J Joseph Director, GIFT

Moderator : Prof Lakhwinder Singh Gill, Coordinator, CDEIS, Punjabi University, Patiala

Speakers:

1. Prof Rajeswari Sarala Raina, Professor, School of Humanities and Social Sciences, Shiv Nadar University, UP

2. Prof Keshab Das, Professor, Gujarat Institute of Development Research, Ahmedabad

Panelists:

1. Prof Rasheed Sulaiman, Director, Centre for

Research on Innovation and Science Policy (CRISP) Hyderabad

2. Dr Mathieu Quet, Chargé de recherché, Ceped, IRD-Université Descartes Paris V, Paris, France

3. Ms Bruna Jatoba, Researcher, Innovation, Technology and Territory Research Group, Federal University of Pernambuco, Recife, Brazil

4. Dr Janaki Srinivasan, Assistant Professor, IIIT, Bangalore

For details, please visit : Link: https://www.gift.res.in/index.php/workshop/detail/23/Indialics-Webinar-Series

**3. National webinar series: Local Governments for Sustainable Developments -Good Practices from Kerala**

GIFT jointly with KILA and Haritha Kerala Mission initiated a National webinar series: Local Governments for Sustainable Developments -Good Practices from Kerala.

Under this weekaly webinar series twelve webinars have already been organized from 4 July onwards . Webinars organized in the month of October 2020 are listed below.

1. New expanses in service quality management on 10.10.2020.

2. Interventions in eco-restoration on 17.10.20

3. Women Empowerment, 31.10.2020

For details Link: https://www.gift.res.in/index.php/events/detail/37/National-Webinar-Series-Local-Governments-for-Sustainable-Development-Good-Practices-from-Kerala

## B. Book release

**1. Release of the Book 'Labour Regulations in India' by the Hon'ble Finance Minister, Prof T M Thomas Isaac, 5 November 2020**

This volume, edited by Dr A V Jose, Former Director and Honorary Professor of GIFT, is based on the papers and proceedings of a national webinar organised by GIFT on 13 June 2020. In a meeting wherein the faculty, students and staff of GIFT participated, Dr A V Jose introduced the book and Prof K J Joseph, Director GIFT welcomed the gathering. The first copy was received by Dr Srikumar Chattorpadhyay, ICSSR National Fellow, GIFT

**2. Unveiling the Book Collection of Prof N Krishnaji**

The entire book collection of late Professor N Krishnaji was donated to the GIFT library by Krishnaji's Family. Prof T M Thomas Isaac opened the collections in GIFT library for the public.

**3. Inauguration of the PhD Bay**

Prof Thomas Isaac also inaugurated PhD Bay with work stations for the scholars with a seating capacity of 18 students.

**4. Interactive session with the Faculty and Staff**

In an interactive session that followed, the Honorable Finance Minister and Chairman GIFT highlighted various issues that need to attract the research attention of the scholars and encouraged them to come up with a research and teaching agenda for the institute.

## C.Teaching and training programmes

**1. KFC-GIFT partnership in Chief Minister's Entrepreneurship Development Program**

GIFT jointly with Kerala Finance Corporation (KFC) started in organizing a week long training program for the prospective entrepreneurs under the Chief Minister's Entrepreneurship Development Programme (CMEDP).

Batch 4: 05.10.2020 to 09.10.2020

Link: https://www.gift.res.in/index.php/workshop/detail/22/17082020-Chief-Ministers-Entrepreneurship-Development-Programme-CMEDP

**2. PGDGST program Third Batch**

Admission for the third batch of the Post Graduate Diploma in Goods and Service Tax (PGDGST) is closed .120 hours training program started through online mode for the 325 students.

First 18 hours online training programme for the third batch is completed. Second set of training of 36 hours started on 30 October on online mode.

Examination for the second batch of PGDGST was over. Paper valuation is going on. Result expected to release on the last week of November 2020.

For more detailshttps://www.gift.res.in/index.php/course/detail/14/PGD-GST

## D. New faculty in GIFT

Dr Anoop S Kumar joined as Assistant Professor at GIFT. He holds a degree in Mechanical Engineering from MG University, Kerala. After working in India and abroad for a while he earned M.Phil. and Ph D. in Economics from School of Economics, University of Hyderabad. His area of interest includes international finance and macroeconomics, financial econometrics and applied time series modelling. Anoop has around 30 research articles to his credit published in journals of repute such as Singapore Economic Review, Journal of Public affairs and Physica A. Prior to joining GIFT, he was associated with academic institutions such as BITS Pilani KK Birla Goa Campus, Central University of Andhra Pradesh and SRM University.

https://www.gift.res.in/faculty/faculty_details

## E. New reports and publications

**1.Kerala Economy**

Kerala Economy -A monthly publication in English and Malayalam has been launched with a view to provide an update on different aspects of Kerala that include, but not limited to, finance, taxation, prices and employment. It also intends to provide reflections on important developments at the regional/national/global level and update on select sectors of Kerala economy.

Vol. 1, No. 2, October issue of Kerala Economy was published in English and Malayalam

For more details please visit: https://www.gift.res.in

**2.Kerala Tax Reporter (KTR)**

September issue of KTR published Online and offline.

https://www.gift.res.in/ktr

**3.Innovation and Development**

A Routledge journal from GIFT, Volume 10, No. 2 published, Editor in chief, K J Joseph.

For details please visit

https://www.tandfonline.com/toc/riad20/current

**4.Weekly update on the Indian Economy**

This is an attempt by the Young Scholar' Forum in GIFT, led by Shency Mathew to update you on important developments in the national economy. Latest issue 07-13 November , 2020.

https://www.gift.res.in/index.php/publish/publish_list/14/Weekly-Updates-on-Indian-Economy

---

Soft copies of Kerala Economy (English and Malayalam) are available in GIFT website.
For free download, please visit www.gift.res.in



തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന പേരിൽ 1992ലാണ് പ്രവർത്തനമാരംഭിച്ചത്. ദേശീയ - സംസ്ഥാന തലങ്ങളിലെ നയരൂപീകരണ രംഗത്തുള്ളവർക്ക് വിവിധ പഠന ശാഖകളിൽ തിയറി അധിഷ്ഠിതവും റിസർച്ച് അധിഷ്ഠിതവുമായി വിവിധ തലങ്ങളിൽ ആവശ്യമായ സഹകരണം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം. കൊച്ചി സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇൻസ്റ്റിട്യൂട്ട്, പി. എച്ച്.ഡി ബിരുദതലത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളും സർക്കാർ ജീവനക്കാർ അടക്കം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലന പരിപാടികളും നിർവഹിക്കുന്നതിന് നിയുക്തമാക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇതിനു പുറമെ ചരക്ക് സേവന നികുതി അധിഷ്ഠിതമായി ബിരുദാനന്തര ഡിപ്ലോമ കോഴ്സും നടത്തി വരുന്നു. ഈയിടെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായി സഹകരിച്ച് മുഖ്യമന്ത്രിയുടെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പുതു സംരംഭകർക്ക് ആവശ്യമായ പരിശീലന പരിപാടിയും നടത്തി വരുന്നു.

വൈജ്ഞാനിക രംഗത്തെ പ്രഗത്ഭർ, കേന്ദ്ര , സംസ്ഥാന ഭരണ രംഗത്തെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു ഗവേർണിംഗ് ബോഡിക്കും എക്സിക്യൂട്ടീവ് കമ്മറ്റിക്കുമാണ് ഈ സ്ഥാപനത്തിന്റെ ഭരണനിർവഹണ ചുമതല. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി എം തോമസ് ഐസക്കാണ് ഇതിന്റെ ചെയർപേഴ്സൺ.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ,
ഗിഫ്റ്റ് ക്യാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള - 695017
ഫോൺ : 0471 2596970, 2596980, 2593960
Email : program@gift.res.in www.gift.res.in